# കളരി

പത്രാധിപർ

എ. വി. എസ്സ്. പണിക്കർ.

| പുസ്തകം 1 | 1955 മാർച്ച് (മീനം ലക്കം) | ലക്കം 9 |
|---|---|---|

## പത്രാധിപക്കുറിപ്പ്.

അധഃപതിച്ചുപോയ കളരി അഭ്യാസമുറകളെയും, ആർഷസംസ്കാരപ്രധാനങ്ങളായ ശാസ്ത്രങ്ങളെയും, കലകളെയും കഴിയുന്നതും സമുദ്ധരിക്കണമെന്നുള്ള അഭിലാഷത്തോടും അതാതു വിഷയങ്ങളിൽ വിചക്ഷണരായ ഒട്ടേറെ മഹാന്മാരുടെ സഹകരണത്തോടുകൂടി സമാരംഭിച്ചിട്ടുള്ളതാണ് കലാകേന്ദ്രം. പ്രസ്തുത കലാകേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾ യഥാകാലം പൊതുജനദൃഷ്ടിയിൽ പെടുത്തിയിട്ടുള്ളതുകൊണ്ട് ഇവിടെ വിവരിക്കുന്നില്ല. ഇതിനകം തൃശ്ശൂർ പടിഞ്ഞാറെ കോട്ടാ റോഡിൽ ഒരു നർസിങ്ങ്ഹോമും, മുൻസിപ്പാൽ ആപ്പീസ് റോട്ടിൽ ഒരു മെഡിക്കൽ സ്റ്റോറും സമാരംഭിച്ചിട്ടുണ്ട്. വിളംബം വിനാ കളരി അഭ്യാസമുറകളെ പഠിപ്പിക്കുവാൻ വേണ്ട ഏർപ്പാടുകൾ ചെയ്യുന്നതാണെന്നും ഞങ്ങളുദ്ദേശിക്കുന്നു. ദ്രുതഗതിയിൽ പരിമിതമായ കഴിവുകൊണ്ട് ഇത്രയും ചെയ്യുതിക്കുവാൻ ഞങ്ങളെ ശക്തരാക്കിയ കലാകേന്ദ്രം ഉപദേശകസമിതിയെ ഞങ്ങൾ ഇത്തരുണത്തിൽ അനുസ്മരിക്കുന്നു. പ്രവർത്തനസാദ്ധ്യതകളെ വിസ്തരിപ്പിന്നുംവേണ്ടി കലാകേന്ദ്രം ലിമിറ്റഡ് ചെയ്യുകയും ഒട്ടേറെ ഷെയറുകൾ വില്ക്കുകയും, ചെയ്തിരിക്കുന്നു. ഏതാനും ഷെയറുകൾകൂടി ഇനി വില്ക്കാനുണ്ട്. നാമമാത്രമായിത്തീർന്ന നമ്മുടെ ആർഷസംസ്കാരത്തെ അർഹിക്കുന്ന നിലയിൽ സമുദ്ധരിച്ച് സമത്വസുന്ദരവും ശാന്തമോഹനവുമായ ഒരന്തരീക്ഷം ഉണ്ടാകണമെന്ന് അഭിലഷിക്കുന്നവർ ഈദൃശങ്ങളായ സംരംഭങ്ങളെ ആത്മാർത്ഥമായി പ്രോത്സാഹിപ്പിച്ച് പരിരക്ഷിക്കുമെന്ന് ഞങ്ങൾക്കുറപ്പുണ്ട്. അതുകൊണ്ട് ധർമ്മപ്രണയികളായ സജ്ജനങ്ങൾ കലാകേന്ദ്രത്തിൽ ഓരോ ഷെയറുകൾ എടുത്ത് ഈ പ്രസ്ഥാനത്തെ വിജയിപ്പിക്കണമെന്ന് ഞങ്ങൾ അഭ്യർത്ഥിക്കുന്നു.

# വിധിവൈചിത്ര്യം

## ഡോക്ടർ കെ. കൊച്ചുണ്ണിമേനോൻ

കേട്ടല്പം സാനുസ്ഥ സംയതതപോനിധേ!
കാട്ടിത്തന്നാലുമെനിക്കു മാർഗ്ഗം
കാന്തിയിങ്ങേകിക്കൊണ്ടങ്ങതാ കത്തുന്നി-
തന്തിമെഴുതിരി—യെന്റെ ലക്ഷ്യം.

സാഹായ്യമറ്റു വഴിതെറ്റി ഞാനങ്ങു
മോഹാലസ്യത്തിൽ നടപ്പൂ മന്ദം
കണ്ടകാകീർണ്ണമനന്തമീ മാർഗ്ഗമോ
കാൺമൂ പോവോളവും നീണ്ടു നീണ്ടേ.

"വേണ്ട വിഷാദിക്കവേണ്ടെന്റെ വത്സ നീ,
യിണ്ടലാപൽക്കരം" ചൊല്ലി യോഗി.
"അങ്ങു കാണുന്നതു മായമരീചിക-
ളങ്ങുചെന്നാൽക്കഥ തീർന്നുപോയി.

വീടില്ലാക്കുട്ടികൾക്കും ദീനന്നുമിന്നെന്റെ
മാടത്തിൻ വായിൽ തുറന്നിരിപ്പൂ
തെല്ലെങ്കിലുമെനിക്കുള്ളതു പങ്കിട്ടു,
കില്ലുവേണ്ടാക്കളുത്തേകുവൻ ഞാൻ

എന്നാൽത്തിരിയ്ക്കുക, വീട്ടിലേക്കിന്നു രാ,-
വെന്നപോലുള്ളതു പങ്കുവെയ്ക്കാം;
എൻ ചൂരൽക്കട്ടിലുമല്പമാം ഭോജ്യവും
തോഷം ചേരുമാശിസ്സും വിശ്രമവും.

കൊന്നുതിന്നുന്നു പാർക്കുന്ന മൃഗങ്ങളെ
യൊന്നും ഞാൻ കുറ്റപ്പെടുത്തുന്നില്ല.
അൻപെന്നിൽക്കാണിച്ചതന്യരാന്താനനു-
കമ്പ, കാട്ടാനെന്നെശ്ശീലിപ്പിച്ചു.

കുറ്റമറ്റാമലപ്പുൽപ്പാടത്തിങ്കൽ നി-
ന്നേറ്റിവന്നുള്ളതീ സദ്യവട്ടം.
സസ്യഫലങ്ങൾ നിറച്ചോരുസഞ്ചിയു-
മസ്സലായുള്ളോരുറവു നീരും.

മാലൊഴിച്ചിന്നിയെഴ നിൽക്ക,യാത്രിക!
ഭൂലോകദുഃഖങ്ങളതിശൂന്യം
മർത്ത്യനീലോകത്തിൽ വേണ്ടതായുള്ളതാ-
നോർത്താലതുമേറെനാൾക്കുവേണ്ട.

ദിവ്യമുദമഞ്ഞു ചൊരിയുന്ന മട്ടില-
ബ്ഭവ്യവാഗ്ധാര പതിച്ചനേരം
നമ്രശിരസ്കനായ് പാന്ഥനത്താപസ-
പർണ്ണഗൃഹമതിലേക്കൊത്തു ഗമി

ദൂരത്തിരുണ്ടോരുകാട്ടിലായ് നിൽക്കുന്നി-
താരുമില്ലാത്തൊരുത്തുംഗസൗധം.
പുറ്റുനേരെയുള്ള ദരിദ്രർക്കും നേർവഴി
തെറ്റിയ പാന്ഥർക്കും പാർപ്പിടമായ്.

ഇല്ല കലവറയുമില്ലിടത്തിൽ
തെല്ലും ഗൃഹനാഥന്നു നോക്കേണ്ടതായ്.
സാക്ഷയകറ്റിക്കടത്തി, ചെറുപടി
തൽക്ഷണം രണ്ടു ശുദ്ധാത്മക്കളെ.

വല്ലാത്തജോലിത്തിരിക്കായ് ജനാവലി
യല്ലിൽത്തല ചായ്ക്കാൻ പോകുന്നേരം
താപസൻ തീച്ചൂട്ടിത്തീയ്യെരിച്ചാമന-
സ്താപവാൻ പാന്ഥനെ സൽക്കരിച്ചു.

പിന്നെക്കറികൾ നിരത്തി, ഭക്ഷിക്കുവാൻ
മന്ദസ്മിതാസ്യനായ് നിർബ്ബന്ധിച്ചു.
ഭംഗ്യാ കഴിച്ചു പഴങ്കഥകൊണ്ടലിൽ
തങ്ങിനിൽക്കുന്ന മണിക്കൂറുകൾ.

(തുടരും)

* വിക്കാർ ഓഫ് വേക്ഫീൽഡിൽ ഉള്ള ഒരു പാട്ടിന്റെ വിവർത്തനം

## വരിക്കാരോട്.

ഞങ്ങൾ ഒന്നുരണ്ടുലക്കങ്ങളിൽ വരിക്കാരോട് വരിസംഖ്യയെക്കുറിച്ച് അഭ്യർത്ഥന ചെയ്തിരുന്നതായി ഓർക്കുന്നുണ്ടല്ലോ? എന്നാൽ ഇനിയും വളരെപ്പേർ വരിസംഖ്യ ബാക്കി വെച്ചിരിക്കുന്നതുകൊണ്ട് ദയാപൂർവ്വം അടുത്തലക്കത്തിനു മുൻപ് വരിസംഖ്യ അയച്ചുതന്നു ഈ സംരംഭത്തെ സഹായിക്കുവാൻ വീണ്ടും അഭ്യർത്ഥിച്ചുകൊള്ളുന്നു.

മാനേജർ.

# ★ കളരി ★

(കെ. എം. അച്യുതക്കുറുപ്പ്)

ചേലെഴും വിശാലമാമാകാശം വിടർത്തുന്ന
ചേണുറ്റ നീലക്കൊറ്റക്കുടതൻ കീഴിൽച്ചൂഴും
ക്ഷോണിതൻ വിരിമാറാം 'കളരി' വിരാജിപ്പൂ;
കാണിനേരവുംപാഴിൽ കളയാതനുദിനം
അഭ്യാസമഭികാമ്യം തുടർന്നുപോകുന്നുനാ–
മഭ്യുദയത്തിൻമാർഗ്ഗം തേടുവോർ ചിലർമാത്രം.

ആശയുമാശ്വാസവും നേടുവോർ തുച്ഛംപദത്താ–
ലാശിസ്സിൻ സപര്യയ്ക്കിന്നനർഹമെന്നോ ലോകം!
പരനെപരം നിന്ദ്യ,പാരെല്ലാമടക്കുവാൻ
ഉര പൂണ്ടമർഷത്തിൽ കലികൊൾകയോ,നേട്ടം.
പുരുഷപ്പുകപറ്റി മങ്ങിയെന്നിരുന്നാലും
പുരുഷാർത്ഥമേ! നിന്റെ കാന്തിക്കൈവിടാ, ധർമ്മം.

ത്യാഗസുന്ദരമായ ചര്യയിൽ പയറ്റുവാ–
നഗ്ഗുരുനാഥൻ നമ്മോടെപ്പൊഴുമരുളുന്നു.
ഹൃദ്യമാമുപദേശം മാറ്റിവെക്കലൊണ്ണെന്നും
വിദ്യ; പറ്റുമോ ചെറ്റും, സത്യമേ വിജയിക്കൂ!

പ്രാചിയും പ്രതീചിയുമുദയാസ്തമയങ്ങ–
ളാച്ചലചിത്രംപോലെ ചക്രവാളത്തിൽചേർക്കെ,
ഇരവിൽ താരാജാലം നിശ്ചലംനിരീക്ഷിച്ചു
വിരവോടനുകമ്പാപൂർവ്വമങ്ങിനെനില്ക്കെ,
അല്പബുദ്ധിയാമെന്നിലുദയംകൊള്ളാറുണ്ടാ
കെല്ലെഴും നിയോഗത്തിൻ പ്രബുദ്ധദൗത്യം, നിത്യം
വിസ്തൃതം വിദ്യാക്ഷേത്രം! അതിൽ ഞാനൊരുമുക്കിൽ
സ്വസ്ഥനായ് ഗുരുപൂജയ്ക്കൊരുക്കിവെയ്ക്കും പൂക്കൾ.

ഹരി: ശ്രീഗണപതയേ നമ: അവിഘ്നമസ്തു. ശ്രീഗുരുഭ്യോ നമ:

# തുഞ്ചത്തെഴുത്തച്ഛന്റെ ശൃംഗാരവർണ്ണനം

(ആററൂർ)

പുതിയ ഒരു സാഹിത്യപ്രസ്ഥാനം ഇദംപ്രഥമമായി ആവിഷ്കരിച്ച് അതിലൂടെ ജീവിതത്തിന്റെ നാനാവശങ്ങളേയും ചിത്രീകരിക്കുക, എല്ലാ പ്രസ്ഥാനങ്ങളിലും ഒരുപോലെ പ്രവർത്തിച്ച് അത്ഭുതാവഹമായ പ്രസിദ്ധി സമ്പാദിക്കുക, മഹാജനങ്ങളുടെ മുക്തകണ്ഠമായ പ്രശംസയെ സമ്പാദിച്ചിട്ടുള്ള ചില ഉത്തമകാവ്യഗ്രന്ഥങ്ങൾ നിർമ്മിക്കുക ഇതെല്ലാമാണ് മഹാകവികളുടെ വിശേഷലക്ഷണങ്ങൾ. ചെറുശ്ശേരി, തുഞ്ചത്താചാര്യപാദർ, കുഞ്ചൻനമ്പ്യാർ ഇവരെല്ലാം ആ നിലയിൽ മഹാകവികളായിത്തീൎന്നിട്ടുള്ളവരാണ്. അവർക്ക് സ്വന്തമായി ഓരോ പ്രസ്ഥാനവിശേഷങ്ങളുണ്ട്. അവരുടെ വർണ്ണനത്തിന്നു വിഷയീഭവിക്കാത്ത ജീവിതരംഗങ്ങളോ ചിത്തവൃത്തികളോ ഉണ്ടാവുന്നതല്ല, ഭാഷാസാഹിത്യത്തിൽ അവർ ആർജ്ജിച്ചിട്ടുള്ള സ്ഥാനം സമുന്നതവും ശാശ്വതവുമാണ്.

മഹാകവികളുടെ പ്രതിഭാപ്രസരം സർവ്വതോമുഖമായി പ്രവർത്തിക്കുന്നതാണെങ്കിലും ഓരോരുത്തർക്കും സ്ഥായിയായി ഏതെങ്കിലും ഒരു പ്രത്യേകസ്വഭാവമുണ്ടായിരിക്കും. ഭക്തിയുടെ പരിവേഷത്തോടുകൂടിയല്ലാതെ അദ്ധ്യാത്മരാമായണത്തിലോ മഹാഭാരതത്തിലോ യാതൊരു ഭാഗവും കാണുകയില്ല പരിഹാസരസത്തിന്റെ ഔദ്ധ്യൗന്നത്യം കുഞ്ചൻകൃതികളിൽ ഉടനീളം ഉണ്ടാവും ഭക്തിരസപൂർണ്ണങ്ങളായ മാധുര്യസൌകുമാര്യങ്ങളാണു കൃഷ്ണഗാഥയെ ആപാദചൂഡം ആകർഷകമാക്കിത്തീർക്കുന്നത്. ഇതുപോലെ മറ്റേതു കവികളുടെ കൃതികൾ നോക്കിയാലും നിഗൂഢമായിട്ടെങ്കിലും പ്രത്യേകം ഒരു അഭിസന്ധി കാണാവുന്നതാണ്.

തുഞ്ചത്തെഴുത്തച്ഛന്റെ ശൃംഗാരം എന്നു കേട്ടാൽ പലർക്കും ഒരമ്പരപ്പുതന്നെ ഉണ്ടായേക്കും. പരമഭാഗവതനും വൈരാഗ്യസമ്പന്നനുമായ ആ ആചാര്യപാദരെവിടെ, അവിവേകികളായ വിഷയിജനങ്ങളെ ആകർഷിക്കുന്ന ശൃംഗാരാദി ഭാവങ്ങളെവിടെ! സാധാരണ ജനങ്ങളെ ഭക്തന്മാരും ജ്ഞാനികളും ധാർമ്മികന്മാരുമാക്കിത്തീർക്കണമെന്ന ഉദ്ദേശത്തിൽ കേവലം ഒരു ഉപായമെന്ന നിലയിൽ കാവ്യകലയെ ഉപാസിക്കുന്ന ആ ആചാര്യൻ ശൃംഗാരവർണ്ണനത്തിന്നു പ്രാസംഗികമായിസംഗതി വന്നാൽത്തന്നെ അതിനെ വല്ലവിധത്തിലും ഒഴിച്ചു വിടുകയോ അല്ലെങ്കിൽ ശ്ലോകത്തിൽക്കഴിച്ചുകൂട്ടുകയോ ചെയ്യുകയേ ഉണ്ടാവുള്ളുവെന്നാണ് അധികം ജനങ്ങളുംആലോചിച്ചിരിക്കുക. എന്നാൽ അതിൽ കുറച്ചൊക്കെക്കാര്യമുണ്ടെങ്കിലും ആചാര്യൻ ഒരു മഹാകവിയുംകൂടിയാണെന്ന കഥ നാം വിസ്മരിക്കരുത്. ഏതുതരം ചിത്തവൃത്തികളോടും തന്മയീഭവിക്കുവാനും അവയെ അതേ രൂപത്തിൽ ഹൃദയാന്തരങ്ങളിൽ പ്രതിഫലിപ്പിക്കുവാനും കഴിവുള്ള കവികൾ ലോകദൃഷ്ട്യാ ഏതു സ്വഭാവവിശേഷമുള്ളവരുമായിരുന്നാലും അതൊന്നും കവിതയ്ക്കു ബാധകമാകയില്ല. കവികളുടെ പ്രത്യേകസ്വഭാവം കഥാപാത്രങ്ങളുടെ സ്വഭാവങ്ങളെ ഒരു വിധത്തിലും അന്യഥാകരിക്കുകയോ അലങ്കോലപ്പെടുത്തുകയോ ചെയ്യുന്നതല്ല. വാത്മീകിരാമായണം മഹാഭാരതം കാളിദാസകൃതികൾ മുതലായ ഉത്തമഗ്രന്ഥങ്ങൾ പ്രതിപദം തെളിയിച്ചിട്ടുള്ള ഒരു കവനകലാരഹസ്യമാണിതു്. ശ്രീ: തുഞ്ചത്താചാര്യനും അക്കാര്യത്തിൽ ഒട്ടും പിന്നിലല്ല. നവരസങ്ങളേയും അതാതു പാത്രങ്ങൾക്കും പാശ്ചാത്തലങ്ങൾക്കും ഉചിതമായവിധം വർണ്ണിക്കുന്നതിൽ പൂർണ്ണമായും വിജയിച്ചിട്ടുള്ള ഒരു മഹാകവിയാണ്. തുഞ്ചത്തെഴുത്തച്ഛൻ ശൃംഗാരവർണ്ണനത്തിലും ആചാര്യൻ ഔചിതീയൻതന്നെയാണ്.

ഭക്തശിരോമണിയായ ആ കവികുലകോകിലത്തിന്ന് ശൃംഗാരരസവർണ്ണനത്തിലെ വിജയത്തിന്നു വേറെയും ഒരു കാരണമുണ്ട്. ശൃംഗാരത്തിന്റെ സ്ഥായിഭാവമായ രതിയുടെ വകഭേദങ്ങളാണല്ലോ ഭക്തി, സ്നേഹം, വാത്സല്യം അനുരാഗം മുതലായ ഭാവങ്ങളെല്ലാം. നിരതിശയപ്രേമമാണ് ഭക്തി എന്നാ

ന്ന് നാരദമഹർഷി ഭക്തിയെ നിവ്വചിച്ചിട്ടുള്ളത്. പ്രേമമെന്നതു് ശൃംഗാരത്തിൻെറതന്നെ ഉൽകൃഷ്ടാവസ്ഥയാണെന്നു പറയേണ്ടതുമില്ല. സ്വാത്ഥമില്ലാത്ത പ്രേമം ഭക്തി എന്നു ചുരുക്കം. ആ സ്ഥിതിക്ക് മഹാശൃംഗാരിയായ ഒരാൾക്ക് ഒരു പരമഭക്തനായി മാറുവാനോ ഒരു യഥാത്ഥഭക്തന് നായികാനായകരതിയുടെ സ്വഭാവം ഭാവനാവിഷയമാക്കിത്തീക്കുവാനോ ഒട്ടും പ്രയാസമുണ്ടാവുകയില്ല. പതിവ്രത ആത്മനാഥനെ പ്രാപിക്കുന്നതുപോലെയോ നദി സമുദ്രത്തെ പ്രാപിക്കുന്നതുപോലെയോ ഉള്ള ഏകാഗ്രമായ ചിത്തവൃത്തി പ്രവാഹമാണ് ഭക്തിയെന്നു ശങ്കരാചായ്യർ പ്രവചിച്ചിട്ടുള്ളതും ഭക്തിശൃംഗാരങ്ങളുടെ സാമ്യത്താൽത്തന്നെയാണ്. പതിവ്രതയുടെ പ്രേമം ധാമ്മികനിയമങ്ങളാൽ നിയന്ത്രിതമായിട്ടുള്ളതുകൊണ്ട് അതിന്ന് ആത്മാത്ഥമായ ഏകാഗ്രതമതിയാകയില്ലെന്നു ശങ്കിച്ചിട്ടെന്നപോലെ മറെറാരു രസികൻ

വിളകൊരുവനിലേററം മാനസത്തിന്നുചുററം
വെളുവെളുചി വെള്ളം തിങ്കളും ചൂടുവോനിൽ
കലിതരുചി കളത്രത്തിന്നിരിക്കും വധൂനാ–
മൊളിപുരുഷനിലോടിക്കൂടുവോരൻപുപോലെ

എന്നിങ്ങനെ ജാരവിഷയകമായ നായികാരതിയോട് ഭക്തിയെ ഉപമിച്ചിട്ടുള്ളതും ഇവിടെ സ്മരിക്കത്തക്കതാണ്. വില്വമംഗലം സ്വാമിയാരുടെ കഥയും ഇതിന്നു മറെറാരു ഉദാഹരണമാണ്. ഭാൎയ്യയിൽ അത്യാസക്തനായിരുന്ന അദ്ദേഹം ആദികാലത്ത് ഒരിക്കൽ പാതിരയ്ക്കു പെരുവെള്ളം നീന്തിക്കടന്നുചെന്ന സാഹസംകണ്ട് ആ സ്ത്രീ "എന്നെക്കുറിച്ചുള്ള ഈ അതിപ്രേമം ഈശ്വരവിഷയകമായിത്തീന്നാൽ എത്ര നന്നായിരുന്നു"വെന്നു ഗുണദോഷിച്ചതായും അദ്ദേഹം അന്നുമുതൽ ഒരു പരമഭാഗവതനായിത്തീന്നതായുമാണല്ലോ ഐതിഹ്യം.

ഈ പ്രസ്താവന ഇങ്ങനെ നിൽക്കട്ടെ. ആഭക്തോത്തമൻെറ ശൃംഗാരവണ്ണനം എങ്ങിനെയിരിക്കുന്നുവെന്നാണല്ലോ ഇവിടെ പ്രസ്താവിക്കേണ്ടതു്. ആ സരസരാജൻെറ വ്യത്യസ്തങ്ങളായ പല പ്രകാരങ്ങളും രാമായണത്തിലും ഭാരതത്തിലുമായി യഥോചിതം വണ്ണിച്ചിട്ടുണ്ട്. രാമായണത്തിലെ സീതാസ്വയംവരം ഭാരതത്തിലെ സുഭദ്രാഹരണം ഇതു രണ്ടുമാണ് മനോഹരങ്ങളായ രണ്ടു ശൃംഗാരരംഗങ്ങൾ. ശ്രീരാമനും സീതയും മുമ്പു പരസ്പരം കണ്ടിട്ടുള്ളവരല്ല. അനുരാഗം അങ്കുരിക്കുവാനോ അഭിലാഷദശകൾ അനുഭവിക്കുവാനോ അവക്ക് അവകാശം വരുന്നില്ല. ശൈവചാപം ഭഞ്ജിച്ചപ്പോഴാണല്ലോ ആ ശ്രീരാമനാണ് സീതയുടെ ഹൃദയനാഥനെന്നും സീതയാണ് ശ്രീരാമൻെറ ധമ്മപത്നിയാവാൻ പോകുന്നതെന്നും അന്യോന്യം മനസ്സിലാവുന്നതു്. അപ്പോഴാണ് അവരുടെ അനുരാഗാങ്കുരോൽഭേദം. അതിൽ ശ്രീരാമൻ ധീരോദാത്തനായതുകൊണ്ട് അതിൻെറ വികാരങ്ങളൊന്നും പുറമെ പ്രത്യക്ഷപ്പെട്ടില്ല. സീതയാകട്ടെ ഇടിമുഴക്കം കേട്ടമയിൽപ്പേടയെപ്പോലെ ആനന്ദനൃത്തമാടി. ആ സംഗതിയാണ് പരിമിതമായ വാക്കുകളിൽ എഴുത്തച്ഛൻ വണ്ണിച്ചിട്ടുള്ളതു്.

ഇടിവെട്ടീടുംവണ്ണം വിൽ മുറിഞ്ഞൊച്ച കേട്ടു
നടുങ്ങീ രാജാക്കന്മാരുരഗങ്ങളെപ്പോലെ
മൈഥിലി മയിൽപ്പേടപോലെ സന്തോഷം പൂണ്ടാൾ
കൌതുകമുണ്ടായ വന്നു ചേതസി കൌശികനും

ക്രമത്തിൽ സ്വയംവരമണ്ഡപത്തിൽ വരണമാല്യവുമായി ചെല്ലുന്ന സീതയുടെ ഉദ്ദീപകമായ അംഗസൌന്ദൎയ്യവും ലജ്ജാരാഗാദിഭാവമാധുൎയ്യവും എത്ര ഹൃദ്യമായിട്ടാണ് ചിത്രീകരിച്ചിട്ടുള്ളതെന്നു നോക്കുക.

സ്വണ്ണവണ്ണത്തെപ്പൂണ്ട മൈഥിലി മനോഹരി
സ്വണ്ണഭൂഷണങ്ങളുമണിഞ്ഞു ശോഭയോടെ
സ്വണ്ണമാലയും ധരിച്ചാദരാൽ മന്ദം മന്ദ–
മണ്ണോജനേത്രൻ മുമ്പിൽ സത്രപം വിനീതയായ്
വന്നുടൻ നേത്രോൽപ്പലമാലയുമിട്ടാൾ മുന്നേ
പിന്നാലെ വരണാർത്ഥമാലയുമിട്ടീടിനാൾ
മാലയും ധരിച്ചു നീലോല്പലകാന്തിതേടും
ബാലകൻ ശ്രീരാമനുമേററവും വിളങ്ങിനാൻ

എഴുത്തച്ഛൻെറ ശൃംഗാരവണ്ണനത്തിലുള്ള പ്രാവീണ്യം മുഴുവൻ തെളിഞ്ഞുകാണുന്നതു് സുഭദ്രാഹരണത്തിലാണ്. മുൻകൂട്ടി അങ്കുരിതാനുരാഗന്മാരായ

സുഭദ്രാർജ്ജുനന്മാരുടെ അഭിലാഷവിപ്രലംഭദശകളെ വിസ്തരിച്ചു വർണ്ണിച്ചിട്ടുണ്ടു്. സന്ന്യാസിരൂപത്തിൽ കന്യാഗൃഹത്തിൽ താമസിക്കുന്ന അർജ്ജുനനെ ശുശ്രൂഷിച്ചുകൊണ്ടിരിക്കുന്ന സുഭദ്രയ്ക്കു് സന്ന്യാസി അർജ്ജുനനായിരിക്കുമോ എന്നു സംശയം തോന്നിയിട്ടു് ആ സംഗതി മനസ്സിലാക്കുവാൻ പ്രയോഗിക്കുന്ന ഉപായങ്ങളും സംഭാഷണപ്രകാരങ്ങളും മററും ചുരുക്കാതെ വർണ്ണിച്ചിട്ടുണ്ടു്. അതിൽ അർജ്ജുനനു സുഭദ്രയെക്കുറിച്ചുണ്ടായിട്ടുള്ള അവസ്ഥാവിശേഷങ്ങളെ സന്ന്യാസവൃത്തിയോടു യോജിപ്പിച്ചു് എത്ര ഹൃദയംഗമമായിട്ടാണ് വർണ്ണിച്ചിട്ടുള്ളതെന്നു നോക്കുക—

രമ്യഗാത്രിയെക്കണ്ടു മന്മഥവിവശനായ്
ധർമ്മജസഹോദരനെത്രയും താപം പൂണ്ടാൻ.
നിദ്രയുമില്ല പുനരൂണുമില്ലെന്നുവന്നു
നിത്യവുംധ്യാനത്തിന്നു നിഷ്ഠയുമുണ്ടായ്വന്നു.
മറെറാരു ചിന്തയുമില്ലററവരിലും കൂടെ
പുറമസ്സുഭദ്രയിലെന്നിയെ നക്തം ദിവം.

ജ്വലിച്ചുകൊണ്ടിരിക്കുന്ന അർജ്ജുനന്റെ അനുരാഗാഗ്നിയിൽ നെയ്യെന്നപോലെ ചെന്നുവീഴുന്ന സുഭദ്രാരൂപലാവണ്യലീലാവിലാസാദികളുടെ ചിത്രണവും കവിയുടെ ഭാവാവിഷ്കരണകുശലതയെ പ്രകാശിപ്പിക്കുന്നവയാണ്.

ആളികളോടുംകൂടി കേളികൾ കോലുമ്പോഴും
വ്രീളാദിമനോഹരഭാവങ്ങൾ കാണുമ്പോഴും
പന്താടുന്നതുകണ്ടും പമ്പരക്കളികണ്ടും
ചിന്തുകൾ പാടുന്നതും ചന്തമായാടുന്നതും
ചാതുര്യംകണ്ടും വേണുവീണാദികളിൽ ശീല
മാധുര്യം കണ്ടും ഭാവഗാംഭീര്യം കണ്ടും മനതു
കാതര്യം കണ്ടും ചേതോ വൈധുര്യം കണ്ടും മാര
വൈകാര്യംകണ്ടും വാഞ്ഛരാസൌകര്യം കണ്ടും വേഷ
സൌകുമാര്യംകണ്ടും തല്ലാവണ്യംകണ്ടും വൃത്തി
ദാക്ഷിണ്യം കണ്ടുമുള്ളിൽ കാരുണ്യം കണ്ടും നല്ല
താരുണ്യംകണ്ടുംസ്മിതഭാഷിതം കേട്ടും ഭാവ
വൈവർണ്ണ്യം കലർന്നിതു സവ്യസാചിക്കുമേന്മേൽ.

ഇത്ര ദീർഘമായ ഒരു ഉദ്ദീപനവിഭാവവർണ്ണനം ശൃംഗാരരസത്തെ സംബന്ധിച്ചേടത്തോളം എഴുത്തച്ഛൻ വേറെ ചെയ്തിട്ടുണ്ടോ എന്നു സംശയമാണ്. സുഭദ്രയ്ക്കു് അർജ്ജുനനെ ആലംബിച്ചു സമുൽപന്നമായ രാഗത്തിന്റെ വളർച്ചയുടെ സ്വഭാവവും വർണ്ണിക്കാൻവിട്ടിട്ടില്ല. അർജ്ജുനനെസ്സംബന്ധിച്ചു കേട്ടിട്ടുള്ള ലക്ഷണങ്ങളോരോന്നും സന്ന്യാസിയിൽ സൂക്ഷിച്ചുനോക്കിക്കണ്ടു പ്രതിദിനം വളർന്നുവരുന്ന കൌതുകാതിരേകത്തിന്റെ സ്വഭാവമാണ് താഴെ കാ[illegible]

മാധവഭഗിനിയും ശൈശവത്തിങ്കൽത്തന്നെ
മാധവസഖിയായ ഫൽഗുനഗുണങ്ങൾകേ
ട്ടാദരവോടും മന്മഥാതുരയായാളല്ലോ.
കണ്ടവർ പറഞ്ഞു കേട്ടർജ്ജുനരൂപഗുണം
കണ്ടതുപോലെ തന്നെയുണ്ടല്ലോ സുഭദ്രയ്ക്കും.
രണ്ടുകൈകൾക്കുമുണ്ടു ഞാൺ തഴമ്പതുകണ്ടു
മുണ്ടായീസന്ന്യാസിയിൽ കൌതുകം ദിനംതോറും.

സന്ന്യാസിയുടെ യാഥാർത്ഥ്യം മനസ്സിലായപ്പോഴത്തെ സുഭദ്രയുടെ ഭാവഭേദങ്ങളും അർജ്ജുനന്റെ അപ്പോഴത്തെ സ്ഥിതിവിശേഷവും താഴെ കൊടുക്കുന്ന മൂന്നേമൂന്നീരടികൾകൊണ്ടു വ്യക്തമാവുന്നതാണ്.

മന്ദാക്ഷഭാവംകൊണ്ടും പ്രേമാനുരാഗംകൊണ്ടും
സുന്ദരീസുഭദ്രയും കമ്പിട്ടാളപ്പോൾത്തന്നെ
കാൽവിരൽകൊണ്ടു നിലം വരച്ചുവരച്ചുടൻ
കോൾമയിർകൊണ്ടു ചെററു വിറച്ചുവിറച്ചേററം
നില്ക്കുന്നസുഭദ്രയിൽച്ചെല്ലുന്ന ചിത്തംതന്നെ
നില്ക്കെന്നുവിലക്കീട്ടു പിന്നെയും ചൊന്നാൻ പാർത്ഥൻ

ഇങ്ങനെ ഓരോന്നും ഉദ്ധരിക്കാൻ തുടങ്ങിയാൽ അതിനൊരവസാനം കാണാൻ പ്രയാസം. ചുരുക്കത്തിൽ മഹാഭാരതത്തിലെ സുഭദ്രാഹരണം ചെറിയൊരു ശൃംഗാരകാവ്യമാണെന്നു പറയാം.

പരാശരന്റെ കാളീസമാഗമം വളരെ തന്മയത്വത്തോടുകൂടിയാണ് ചിത്രീകരിച്ചിട്ടുള്ളതു്. കവിക്കു വേണമെങ്കിൽ ആ ഭാഗം ഉപായത്തിൽ കഴിച്ചുകൂട്ടാൻ വലിയ പ്രയാസമുണ്ടാവാനില്ല. പ്രഭാതത്തിൽ ഒരു വൃദ്ധമഹർഷി ഒരു മുക്കുവത്തരുണിയെ തോണിയിൽവെച്ചു് സമാഗമിക്കുന്നതിനെ വിസ്തരിച്ചു വർണ്ണിക്കുവാൻ സാധാരക്കാരൻ ധൈര്യപ്പെടുകയില്ല. എ

ഴുത്തച്ഛൻ വളരെ പച്ചയായിട്ടാണ് വൎണ്ണിച്ചിട്ടുള്ളത്.

തീരത്തു ചെന്നു പുലർകാലേ മാമുനിവരൻ
ദൂരത്തു തുഴയുമായ് നിന്നിതു കാളിതാനും.
ധീരതപമകന്നൊരു മാമുനിവരൻ ചൊന്നാൻ
ചാരത്തു വരിക നീ മററാരുമില്ലയിപ്പോൾ
നേരത്തു കടക്കണം നിക്കണം തോണി മറ
തീരത്തു ചെന്നു പുനരുക്കണമിനിക്കെടോ
മാരസ്തൂടകതാരിൽപ്പൂരിച്ചുമൂലം നിന്നിൽ
പാരിച്ചൊരാശ വന്നു കുറൊത്തു ചമഞ്ഞിതു.
ചോരിച്ചോവായും നിൻെറ ചീരൊത്ത മുലകളും
വേരിച്ചൊല്ലാളേ ഞാൻ വിചാരിച്ചുകണ്ടനേരം
കാറൊത്തകുഴലാളേ മാരത്തീയാറമാറെ-
ന്മാറത്തു ചേൎന്നീടുവാൻ യോഗമുണ്ടിപ്പോൾത്തന്നെ.
നേരത്രേ പറഞ്ഞതുമീശ്വരനുടെ മതം
മാരധ്വംസനം ബ്രഹ്മാദികൾക്കും നീക്കാവല്ലേ.

ഇങ്ങനെ ഈ രംഗം ഇത്രയും സ്പഷ്ടമായി വൎണ്ണിച്ചതിനുശേഷം അതിൻെറ അനൌചിത്യത്തെ ഉറക്കെ വിളിച്ചുപറയുവാനും ആചാൎയ്യൻ വിട്ടിട്ടില്ല.

എന്തിനുപറയുന്നു വെറുതേ ബഹുവിധം
ബന്ധമോക്ഷങ്ങളുടെ ഭേദംകണ്ടൊരുമുനി
നല്ലൊരു തീൎത്ഥഭൂതയാകിയ യമുനയിൽ
എല്ലാരും കളിച്ചുകൂത്തു സന്ധ്യയെ വന്ദിക്കുമ്പോൾ
മത്സ്യഗന്ധിനിയായ കൈവൎത്തകന്യകയെ
മത്സ്യകേതനശരമേററു പുൽകിനാൻ മുനി
ദിവ്യതീൎത്ഥത്തിങ്കനു ദിവ്യാക്കൎമ്മാദിക്കുമ്പോൾ
ദിവ്യനാകിയ മുനി കൈവൎത്തകന്യകതൻ
കൊങ്കകൾ പുണൎന്നിതു ബാലികതാനുമേതും
ശങ്കിച്ചീലതുനേരമീശ്വരമതമല്ലോ.

ശൎമ്മിഷ്ഠയുടെ താരുണ്യപ്പുളപ്പു വൎണ്ണിക്കുന്ന ഭാഗം എഴുത്തച്ഛൻെറ ശൃംഗാരഭംഗീവൎണ്ണനപ്പവണതയ്ക്കു മറെറാരു ഉദാഹരണമാണ്

അന്നവളൃതുധൎമ്മം പ്രാപിച്ചു കളിച്ചുവ-
ന്നുന്നതസ്തനങ്ങളും മെല്ലവേ നോക്കിനോക്കി
ദന്തശോധന ചെയ്തു ബന്ധൂകസമാധരി
പന്തൊക്കും കൊങ്കത്തടത്തിങ്കൽക്കുങ്കുമംമാലചാൎത്തി
ഭംഗിയായ് കുറിയിട്ടു കുങ്കുമതിലകം തൊ-
ട്ടംഗജൻ തഴപോലെ പൂങ്കുഴലഴിച്ചിട്ടു
നിൎമ്മലമായുള്ളോരു വസ്ത്രവുമുടുത്തുകൊ-
ണ്ടംബുജമിഴികളിലഞ്ജനമതും ചേൎത്തു
സ്വൎണ്ണഭൂഷണങ്ങളുമൊക്കവേയണിഞ്ഞൊരു
കണ്ണാടി തന്നിൽ മുഖപത്മവും നോക്കി നോക്കി
നല്ലൊരു പുരുഷനെച്ചിന്തിച്ചുചിന്തിച്ചുള്ളി-
ലുല്ലാസം ചേൎന്നാരശോകത്തെയും ചാരിനിന്നു
ദുഃഖിക്കുന്നതുനേരം മന്നവൻ താനേതന്നെ
മൈക്കണ്ണിയുടെ മുന്നിൽവെച്ചന്നിതു ബലാലപ്പോൾ.

ശൃംഗാരരസപ്രകാരങ്ങളെയും സന്ദർഭാനുസാരേണ വൎണ്ണിക്കാൻ എഴുത്തച്ഛൻ ഉപേക്ഷകാണിച്ചിട്ടില്ല. ബ്രഹ്മചാരിയായ കചനിൽ ദേവയാനിക്കുണ്ടായ രതിയുടെ സ്വാഭാവികമായ വൎണ്ണനം ആരുടേയും മനസ്സിനെ ആവൎജ്ജിക്കുന്നതാണ്. അതുപോലെ അഹല്യയുടെ രൂപാതിശയംകണ്ട് ദേവേന്ദ്രൻെറ മനസ്സ് വിവശമായിത്തീൎന്നതിൻെറ വൎണ്ണനവും അധാൎമ്മികമായ രത്യുന്മേഷത്തിൻെറ അനൎത്ഥപൎയ്യവസാനത്തെ വെളിപ്പെടുത്തുന്നതാണ്. ഇങ്ങനെ രാമായണവും മഹാഭാരതവും ആകെ പരിശോധിക്കുന്നപക്ഷം ഉചിതസന്ദൎഭങ്ങളിൽ ശൃംഗാരവൎണ്ണനത്തിൽ വൈമുഖ്യം കാണിക്കുകയോ അനുചിതസന്ദൎഭങ്ങളിൽ കണക്കിലേറെ ആ ഭാഗംവിസ്തരിക്കുകയോ എഴുത്തച്ഛൻ ഒരിക്കലും ചെയ്തിട്ടില്ലെന്നു കാണാവുന്നതാണ്.

ഇതുപോലെ എഴുത്തച്ഛൻ വൎണ്ണിച്ചിട്ടുള്ള മററു രസങ്ങളേയും വെവ്വേറെയെടുത്തു പരിശോധിക്കാവുന്നതാണ്. അപ്പോഴാണ് ആചാൎയ്യൻെറ മഹാകവിത്വം വെളിപ്പെടുക. എന്നാൽ ആദ്യം പറഞ്ഞതുപോലെ എല്ലാസ്ഥലത്തും ഭക്തിയുടേയും തത്വചിന്തയുടെയും ഒരു പ്രഭാമണ്ഡലം കാണാവുന്നതുമാണ്.

# ★ പഴനി ★

## കല്ലാനശ്ശേരി കണ്ണൻനായർ കോയമ്പത്തൂർ

1 കന്നിൽമാതിന്നുടെ നന്ദന ൻഗുഹൻ
പൊന്നിറംവിലസിടുന്ന സുന്ദരൻ
എന്നിലുള്ള രുജ നീക്കി മംഗളം
തന്നിടാനടിമലർക്ക കൈതൊഴാം

2 ശർവ്വപുത്ര പഴനിസ്ഥലത്തുവൻ
പർവ്വതോപരി വിളങ്ങിടും ഭവാൻ
ഗർവ്വകന്നു പദസേവ ചെയ്യുമെൻ
സർവ്വദുഃഖവുമകററണംക്ഷണം

3 ദേവസേന തിരുവള്ളി രണ്ടുപേർ
ദേവ നിന്നിരുവശം ശിഖിക്ക മേൽ
കൈവളന്ന സുഖമോടു വാഴ്‌വതെൻ
ഭാവനയ്ക്കുവിഷയീഭവിക്കണം

4 നിൻചരിത്രമഖിലം പുകഴ്ത്തുവാൻ
നെഞ്ചകത്തിലിവനാശ മേൽക്കമേൽ
പഞ്ചബാണരിപുവിൻതനൂജ മ
ച്ചഞ്ചലതമകലത്തു നീക്കണേ

5 ചൂതബാണരിപുവിന്നു നാരദൻ
മാതളം പഴമൊരിക്കൽ നൽകിനാൻ
ജാതകൌതുകമണഞ്ഞു പൂർവ്വജോ–
പേതനായ് ഗുഹ ഭവാൻ മലത്തിനായ്

6 ഭൂ വലം ഝടിതി ചെയ്തുമ നിലി
ങ്ങേവനെത്തുമവനേകമെന്നതിൽ
ദേവ നീ മയിലിലേറി മായവേ
സാവധാനമിഭവക്ത്രനഗ്രജൻ

7 ഏൽപ്രശാന്തിപരനായ് പിതാക്കളെ
സ്സൽപ്രദക്ഷിണമതൊന്നുചെയ്തുതേ
ക്ഷിപ്രമത്തിരുകരങ്ങൾ കാട്ടവേ
നൽപ്രസാദഫലമേകിനാൻ ശിവൻ (യുഗ്മകം)

8 കീർത്തനീയഗുണ നീ മടങ്ങിവ
ന്നാർത്തനായിതു നിരാശയാൽ ക്രമാൽ
ചീർത്ത കോപവുമുദിച്ചു പോന്നുടൻ
പാർത്തലത്തിലൊരുദിക്കിൽ മേവിപോൽ

9 ശങ്കരിയ്ക്കുഴലണഞ്ഞുവന്നു ത
ന്നങ്കസീമയിൽ വഹിച്ചിതങ്ങയെ
സങ്കടം കളയുവാൻ പുണന്നുപൂ
ത്തിങ്കൾപോൽ സ്മിതമുതിർത്തുചൊല്ലിനാൾ

10 പഴം നീ യൊഴിഞ്ഞില്ല വേറിട്ടു ലോകേ
പഴത്തിന്നെഴും സ്വാദു നീയെന്നിയില്ല
തഴക്കുന്ന മോദേന മാലോകർ മേലാൽ
കഴൽക്കാശ്രുക്കൂപ്പും, ഫലംനീ,, പഴംനി.

11 പഴനി, പഴനിയെന്നായന്നുതൊട്ടിസ്ഥലത്തി–
ന്നഴകിയതിരുനാമം പാരിലെല്ലാം പരന്നു
പഴയകഥയിതേവം പദ്യമായ് തീർത്തൊരീയെ–
ന്നഴലുകളഖിലം നീ നീക്കുവാൻ കാക്കൽ വീഴാം

12 വരശിഖരമെഴും നൽക്കന്നിതാകാശദേശ–
ത്തുരസുമുപരിപീഠം തന്നിലങ്ങുന്ന ഭാഗ്യാ
കരകമലമുയർത്തി പശ്ചിമം ദിക്ക വീക്ഷി–
ച്ചിരവുപകൽ വിളങ്ങും വിഗ്രഹം കൈതൊഴുന്നേൻ

13 കല വിലസിന പൂർവ്വൽഗ്ഗോപുരം, കാർതൊഴുംവൻ
ശിലയിൽ മതിലതേമട്ടുള്ളിലുള്ളമ്പലത്തിൽ
വില പെരുകിയ കൽത്തൂണെത്രയും ചിത്രശില്പം
കലരുമിവ സമസ്തം സന്തതം കൈതൊഴാം ഞാൻ

14 തിരുമുഖകമലത്തിൽ ച്ചന്ദനാലേപനം ചേ–
ന്നരുണവസനമാർന്നും പൊൻകിരീടംധരിച്ചും
ഒരു കരതളിരല്പം പൊക്കി വേലേന്തിയും നി
ന്നരുളുമമലരൂപം കാമദം കൈതൊഴുന്നേൻ

15 ഘൃത തിലജഗുളാദ്യം പാല്,പഞ്ചാര, പഞ്ചാ
മൃതമമൃതമിളന്നീരെന്നിതോരോന്നു മേന്മേൽ
സുതനുവിലഭിഷേകം ചെയ്തു പൂജിപ്പതെല്ലാം
സതതമഥ തിളങ്ങിക്കണ്ടു കൈക്കൂപ്പിടാം ഞാൻ

16 മലയജമഭിഷേകം ചെയ്ത വക്ത്രത്തിൽ നീലോൽ
പ്പലനയനയുഗം നൽച്ചില്ലിയുഗ്മം സുഹാസം
വലകരമതിലേലും വേല്, മൌലിക്ക രത്നം
വിലസിന മകുടം ഞാനെന്നുമിടനാന്നായ് തൊഴുന്നേൻ

17 മലരഴകിലടുക്കിക്കോർത്ത മാല്യങ്ങളാം വക്ഷ–
സ്ഥലമഖിലമിണങ്ങും താവകം സന്നിധാനം
അലഘുനിലവിളക്കോടൊത്തു കത്തുന്ന ദീപാ–
നലമുകുളകദംബപ്രോജ്ജ്വലം കൈതൊഴുന്നേൻ

18 ചിലപൊഴുതു കിരീടം വെച്ച സേനാനി പിന്നെ
ച്ചിലപൊഴുതു കുമാരൻ പിന്നയോ വിശ്വരൂപൻ
ചിലപൊഴുതൊരുയോഗിശ്രേഷ്ഠനെന്നിത്തരം നിൻ
പലവടിവുകളെല്ലാം കണ്ടു കൈകൂപ്പിടാം ഞാൻ

19 സ്ഫുടരുചി ചിതറുന്നോരഞ്ചു വൻതാഴികപ്പോൾ
കുടമുടിയൊടു നിൽക്കും ഗോപുരത്തിങ്കലേക്കായ്
പടവുകളടിതൊട്ടേ നീണ്ട നിശ്രേണിപോൽശ്രീ
നടനമൊടു തിളങ്ങിക്കാൺമതും കൈതൊഴുന്നേൻ

20 ദിനകരനുദയാദ്രിക്കെത്തിടുംമുന്നുണർന്നി
ട്ടനവധി മനുജൌഘം മജ്ജനംചെയ്തുഭക്ത്യാ
പുനരപി ഗിരിചുറ്റും ഗീതമോതിച്ചരിക്കു
ന്നനവരതമിതെല്ലാം നല്ലപോൽ കൈതൊഴാം ഞാൻ

21 മലയടിയിലിണങ്ങും വാദ്യഘോഷത്തൊടൊപ്പം
പല ജനത ഭവൽശ്രീകാവടിശ്രേണിയേന്തി
നലമിയലിന പദ്യം പാടി മേൽപ്പോട്ടു കേറും
നില നിരുപമകീർത്തേ! പാർത്തു പേർത്തും തൊഴാം ഞാൻ

22 ഇനതനയനുപോലും ഭീതിയാന്തോരു വേലിൻ
മുന രസനയിലത്യുൽകൃഷ്ടഭാവത്തൊടാഴ്ത്തി
ജനതതി ചുമൽചുറ്റും കാവടിത്തണ്ടു ചുറ്റി
ച്ചനഘലകലിയിലേറിക്കാൺമതും കൈതൊഴുന്നേൻ

23 നിയതമഥ ഭവാൻതൻശിഷ്യരാം ഭക്തരാമ്മോ–
ണിയമുരളിമൃദംഗസ്തോത്രതാളങ്ങളോടെ
വിയതിതടവിടുന്നോരിഗ്ഗിരിച്ചോടുചുറ്റീ–
ട്ടുയരെയുഴറിയേറിക്കാൺമതും ഞാൻതൊഴുന്നേൻ

24 ചിരഭജനവിലോലം സാധുസംഘങ്ങളോരാ
യിരമിവിടെനിവാസം ചെയ്തുതുണ്ടത്രപേർക്കം
നിരവധി സുഖഭോജ്യം ചേർന്ന നൽസ്സത്ര്യയൂണ
ണ്ടിരവുപകലിതെല്ലാം കണ്ടു കൊണ്ടാടിടാം ഞാൻ

25 അവയവബലമേലാതുററദാരിദ്ര്യമേററി
ട്ടവനിവിരസരാവോരൊന്നണത്തിച്ചുവെന്നാൽ
ഭവന, വിഭവ, വീരോദാരസന്താനസൌഖ്യ
പ്രവര, സുഭഗരായിക്കാൺമതും കൈതൊഴുന്നേൻ

26 ഗുഹ! തവ പദപത്മാ ചൂടുമിപ്പർവ്വതത്തിൻ
ഗുഹകളിലൊരുനേരം ചെന്നു ചിന്തിച്ചിരിപ്പോർ
ഗൃഹതനയധനാപ്തിരാഗഭോഗാദിരോഗ–
ഗ്രഹണദഹനരായിക്കാൺമതും കൈതൊഴാംഞാൻ

27 ഇരുവിലൊരുവശത്തായ് വൈദ്യുതം ദീപജാല–
സ്ഫുരണമുപരിയോളം കൽപ്പടിക്കെട്ടു കാട്ടി
തിരളൊളിമണിമാല്യം പോലെമിന്നുന്നതെല്ലാം
പുരഹരവരസൂനോ! സന്തതം കൈതൊഴുന്നേൻ

28 ശരദമലസൽശ്രീപൂർണ്ണചന്ദ്രൻ, നഭസ്സോ
ട്ടുരസിവിലസുവോരിപ്പർവ്വതാഗ്രത്തിൽരാത്രൌ
കരകലിതപയസ്സാൽ നവ്യദിവ്യാഭിഷേകം
കരളലിവിലിയററും കാഴ്ച കൈകൂപ്പിടുന്നേൻ

29 ഒളി കലരുമുഷസ്സെപ്പൊന്നർക്കബിംബക്കുടത്താ–
ലളികിളികളിയററീടുന്ന മന്ത്രങ്ങളോടേ
വിളി പെരുകിന പൊൻനീർകൊണ്ടു പുണ്യാഭിഷേകം
കളിരരുളി നടത്തും കാഴ്ച കൈകൂപ്പിടുന്നേൻ

30 പരിസരമതിലെല്ലാം നല്ല നെൽപ്പാടവും നിർ–
ഝരികളുമഴകേറും പൊയ്കയും തെങ്ങുമായി
ഗിരിജയുടെ കടക്കൺനോട്ടമേററീവോരി
പ്പുരിയളകയൊടൊപ്പംതന്നെ മിന്നുന്നു പാരിൽ

31 തവ മഹിമ പുകഴ്ത്താനല്പനായുള്ളോരീയു–
ള്ളവനു കഴിവശേഷം പോര നേരാണു പക്ഷേ
സ്തവമിതു തവ ഭക്തൻ തീർത്തതിൽ തൃപ്തി കൈക്കൊ
ണ്ടവനകുശല!ശീഘ്രം ദേഹി മേ ദേഹസൌഖ്യം.

# വിദ്യാർത്ഥികളും രാഷ്ട്രീയപ്രവർത്തനവും

കെ. പി. മാധവൻ

ലോകം ഒരു പരിവർത്തനത്തിന്ന് ഉൽസുകമായിക്കൊണ്ടിരിക്കുന്നഈക്കാലഘട്ടത്തിൽ വിദ്യാർത്ഥികൾ ഉറക്കെ ചിന്തിക്കേണ്ട ഒരു വിഷയമാണ് 'വിദ്യാർത്ഥികളും രാഷ്ട്രീയപ്രവർത്തനവും' എന്നതു്. അനവധി കാലത്തെ അടിമത്വത്തിന്നു ശേഷം സ്വതന്ത്രമായിത്തീർന്ന ഒരു രാഷ്ട്രമാണ് നമ്മുടേതു്. അജ്ഞാനാന്ധകാരം അകററി വിജ്ഞാനത്തിന്റെ വെൺപ്രഭ പരത്തുവാനുള്ള കാര്യാന്തരവ്യഗ്രതയാണ് വിദ്യാർത്ഥികളിൽ അന്തർലീനമായിരിക്കേണ്ട വിശേഷഗുണം. ഇതിന്നുവേണ്ടിത്തന്നെയാണ് വിദ്യയഭ്യസിക്കുന്നതും.

ഇന്നത്തെ കാലഘട്ടത്തിലെന്നല്ല ഏതു സമയത്തും വിദ്യാർത്ഥികൾ മററു പ്രവർത്തനങ്ങളിൽനിന്ന് അകന്നു നില്ക്കുകയാണ് കഴിയുന്നതും ചെയ്യേണ്ടതെന്ന് തലയെടുപ്പുള്ള സാഹിത്യകാരന്മാർ പലപ്പോഴും സവിസ്തരം പ്രതിപാദിച്ചിട്ടുണ്ട്.

ഒരു വ്യക്തിയുടേയോ ഒരു സമുദായത്തിന്റേയോ ഒരു രാഷ്ട്രത്തിന്റെതന്നെയോ മുകളിൽ മററൊരാളുടെ ആധിപത്യം സ്ഥാപിപ്പാനുള്ള ശ്രമം; അല്ലെങ്കിൽ നിലവിലുള്ള ഒന്നിനെമാററി മറിച്ചാക്കുവാനുള്ള ജാഗ്രത, ഇതിന്നെല്ലാം വേണ്ടിവരുന്ന വിപ്ളവാത്മകമായ പ്രവർത്തനങ്ങൾക്കാണല്ലൊ രാഷ്ട്രീയപ്രവർത്തനം എന്നു പറയുന്നതു്. എന്നാൽ ഇതിൽ സാമുദായികം സാമ്പത്തികം, രാഷ്ട്രീയം എന്നു തുടങ്ങിയ എല്ലാ വിഭാഗങ്ങളും മേൽപറഞ്ഞ കാര്യങ്ങൾക്ക് നിദാനമാകുമെന്നു് പ്രത്യേകം പറയേണ്ട ആവശ്യവുമില്ലല്ലോ.

ലോകചരിത്രത്തിന്റെ ഗതി ആരായുന്ന ഒരു നിരീക്ഷകന്നു് അഥവാ സാധാരണക്കാരന്നു തന്നെയും അറിയാൻ കഴിഞ്ഞിട്ടുള്ള ഒരു പരമാർത്ഥമാണ് എത്ര നിസ്സാരകാര്യങ്ങളിൽനിന്നും വിരുദ്ധാത്മകമായ വലിയ സംഘട്ടനങ്ങൾ ഉണ്ടാകുന്നതു്. രണ്ട് കൊച്ചുകുട്ടികളുടെ സംഭാഷണത്തിൽമാത്രം ഉണ്ടായിത്തീർന്ന വാക്കുകലഹം ക്രമേണ രണ്ട് വലിയവർ തമ്മിലാകാനും അടുത്തനിമിഷത്തിൽ രണ്ട് കുടുംബക്കാർ തമ്മിലാകാനും താമസിയാതെ 'രണ്ട്' സമുദായക്കാർ തമ്മിലാകാനും എളുപ്പമാണെന്നു നാം പല തവണ കണ്ടുകഴിഞ്ഞതാണ്. ഇതിൽനിന്നു മനസ്സിലാകുന്നതു് ഏതു ഗൌരവം കുറഞ്ഞ നിസ്സാരകാര്യങ്ങളും ഭാവിവിപത്തിന്റെ സൂചനയായിത്തീരുന്നു എന്നതാണ്.

വിദ്യാർത്ഥികൾ എത്രയെത്ര വിരുദ്ധാശയങ്ങൾ കൈകാര്യം ചെയ്ത് സൌഹാർദ്ദത്തോടെ കഴിയുന്നവരാണ്! അന്യോന്യം അഭിപ്രായഭിന്നതയുള്ള അവർ എന്തെല്ലാം കാര്യങ്ങൾ പറയുന്നു. എന്നാൽ അതിലൊന്നും അത്രയധികം ഗൌരവം വീക്ഷിക്കാറില്ല. അല്ലെങ്കിൽ അവരിൽതന്നെ 'ഹിററ്ലറും,' 'മുസ്സോളിനിയും', 'ചർച്ചിലും' അവരും 'ഇവരും' എല്ലാം ഉദയം ചെയ്ത് ഭയങ്കരസമരങ്ങൾ തന്നെ ഉണ്ടായിത്തീരില്ലേ?

വിദ്യാർത്ഥികൾ എന്തോ ഒരു ശക്തി കൈവരിപ്പാൻവേണ്ടി സുധീരം സമരം ചെയ്യുന്ന പടയാളികൾതന്നെയാണ്. പക്ഷെ; അവരുടെ സമരം ആയുധംകൊണ്ടല്ല, ഇന്ദ്രിയങ്ങൾ കൊണ്ടാണ്. അവരുടെ രണരംഗം പരപ്പേറിയ സമതലമല്ല, വിസ്തൃതിയുള്ള ഹൃദയമാണ്. അവരുടെ ശത്രു സൈന്യശക്തിയുള്ള സാമ്രാജ്യാധിപതിയല്ല, തമോമയമായ അജ്ഞാനമാണ്. ഇത്തരത്തിലുള്ള ഒരു പ്രവർത്തനത്തിനാണ് വിദ്യാർത്ഥികൾ തയ്യാറെടുക്കേണ്ടതു്.

ഇന്നത്തെ വിദ്യാർത്ഥികളിൽ ചിലർക്കെല്ലാം ഒരു ധാരണയുണ്ട്; രാഷ്ട്രീയപ്രവർത്തനത്തിൽ ഏർപ്പെട്ടാൽ മാത്രമേ അവർക്ക് നല്ല കീർത്തി നേടുവാൻകഴികയുള്ളു എന്നു്. ഇതൊരു തെററായ ധാരണയാണ്. തൊഴിലാളിവർഗ്ഗത്തിലുള്ളവർ ചെയ്യുന്നതുപോലെ രാഷ്ട്രീയപ്രവർത്തനങ്ങൾക്ക് വിദ്യാർത്ഥികൾ ഒരിക്കലും തുനിയരുതു്. തൊഴിലാളികൾ അന്നന്ന് ജോലിചെയ്തു ജീവിക്കുന്നവരാണ്. ജോലിചെയ്താലെ കൂലിയുള്ളു അവർക്ക്. അല്ലെങ്കിൽ ജോലിചെയ്താൽ കൂലിയുണ്ട്, എപ്പോഴായാലും ഏതുവിധത്തിലായാലും. എ

ന്നാൽ കൂലിയില്ലുള്ള ഏറാക്കുറവല്ലേ? അതു് വേറെ കാര്യം. ചുരുക്കിപ്പറഞ്ഞാൽ അവക്കു് കൂലി കിട്ടണമെങ്കിൽ പണിയെടുത്താൽ മതി. പണിയെടുക്കേണ്ടതിനെ നുവെച്ചു് മററു രാഷ്ട്രീയ പ്രവർത്തനങ്ങളിലേർപ്പെട്ടാൽ അവക്കു് വിശേഷിച്ചൊന്നും പററാനില്ല. അഥവാ തടിയിൽക്കൊള്ളുമെന്നുള്ളവർ മററു പ്രവർത്തനങ്ങൾക്കു് പോവുകയേ വേണ്ടു.

എന്നാൽ വിദ്യാർത്ഥികൾ അവർ ആരാണു്? എന്തുദ്ദേശത്തിനാണു് അവർ വിദ്യാലയത്തിൽ എത്തുന്നതു്? വേലയെടുക്കാനുള്ള കഴിവു് കൈപ്പററലാണു് അവരുടെ കർത്തവ്യം. പണം കൊടുത്തു് പലതും പഠിക്കലാണു് ഇന്നു്. അല്ലെങ്കിൽ എന്തിന്നാണു് വിദ്യാർത്ഥികളെ രക്ഷിതാക്കന്മാർ വിദ്യാലയത്തിലേക്കയയ്ക്കുന്നതു്? വിദ്യാലയത്തിൽ പ്രവേശിച്ചു് ചില രാഷ്ട്രീയക്കോമരങ്ങളുടെ അനുനയവാക്കു കേട്ടു് ഇങ്ക്ലാബും സിന്താബാദും വിളിച്ചു് വിപ്ലവത്തിന്റെ വെന്നിക്കൊടി നാട്ടി വ്യക്തിവിദ്വേഷത്തിന്റെ വിത്തുകളായിത്തീർന്നു് വീടിന്നും നാടിന്നും കണ്ണിലെ കരടായി തീരാനാണോ—തീരേണ്ടവരാണോ—വിദ്യാർത്ഥികൾ? അല്ലേ അല്ലെന്നു് അനവധി പ്രാവശ്യം ഒന്നിച്ചു പറയുവാൻ തോന്നിപ്പോകുന്നു.

ഇത്രയും ആകുമ്പോൾ നിങ്ങൾ ചോദിക്കുമായിരിക്കും; ഭാരതീയസ്വാതന്ത്ര്യസമരകാലത്തു് രാഷ്ട്രീയനേതാക്കന്മാർ അഥവാ ഭാരതത്തിന്റെ ഭരണസാരഥ്യം വഹിക്കുന്ന ഇന്നത്തെ ഉയന്ന നേതാക്കന്മാർപോലും അന്നു് വിദ്യാർത്ഥികളെ ഉൽബോധിപ്പിച്ചിരുന്നില്ലേ 'പ്രവർത്തനരംഗത്തിലേക്കിറങ്ങുവാൻ അതെന്തേ' എന്നു്? സമാധാനമുണ്ടു്. അന്നത്തെ നമ്മുടെ ചരിത്രപരമായ സ്ഥിതിയെന്തായിരുന്നു. രണ്ടു നൂററാണ്ടുകളോളം വിദേശീയഭരണത്തിൽ ഞെങ്ങിഞെരുങ്ങി കഴിഞ്ഞിരുന്ന നാം പാരതന്ത്ര്യബന്ധനം നീക്കുവാൻ അണിനിരന്നു് അടരാടുവാൻ തയ്യാറായൊരു കാലഘട്ടമായിരുന്നു അതു്. അന്നത്തെ വിദ്യാർത്ഥികൾ തങ്ങളെ കൂടുതൽ വിദേശീയരിലേക്കാകർഷിക്കുന്ന വിദ്യാഭ്യാസത്തിൽ ചെഞ്ഞുകൂടാതെ ആത്മാഭിമാനത്തോടെ സമരരംഗത്തിലേക്കു് ഇറങ്ങാതിരുന്നെങ്കിലേ അത്ഭുതപ്പെടാനുള്ളു! അന്നവർ ചെയ്യേണ്ടതു ചെയ്തു. ഒരാളുടേയും ആജ്ഞകൂ കാത്തിരിക്കാതെ വീറോടെ രംഗത്തിലിറങ്ങാൻ തക്കം പാർത്തിരുന്ന സമയത്തു് 'ഓടുന്ന തോണിക്കൊരുന്ത്' എന്നോണം നേതാക്കന്മാരുടെ ആജ്ഞയും വന്നുചേർന്നെന്നുമാത്രം അതുകൊണ്ടു് അന്നതു് ചെയ്യേണ്ടതായിരുന്നു, ചെയ്തിട്ടുമുണ്ടു്.

ഇന്നോ? ഇന്നത്തെ നില മാറിയിരിക്കുന്നു. ഭാരതത്തിൽ വിദേശീയാധിപത്യം നിഷ്കാസനം ചെയ്തിട്ടു് വഷങ്ങൾ ചിലതെല്ലാം കഴിഞ്ഞു എന്നിട്ടും വിശേഷിച്ചൊന്നും ഉണ്ടായില്ല. എന്നതു ശരി. എങ്കിലും ചെയ്യേണ്ടതു് പലതും ചെയ്തെന്നും, പലതുമിനിയും ചെയ്യാനിരിക്കുന്നതേയുള്ളുവെന്നും, ചെയ്തേടത്തോളം ഉൽകൃഷ്ടമല്ലാതെ അധഃപതനമല്ലെന്നും നിഷ്പക്ഷനിരീക്ഷകന്മാക്കു് അഭിപ്രായം രേഖപ്പെടുത്തുവാൻ കഴിയും-കഴിഞ്ഞിട്ടുമുണ്ടു്.

ഇനിയും ഭാരതം സാമ്പത്തികക്കുഴപ്പത്തിൽ കിടന്നു് ഞെരിപിരികൊള്ളുകയാണു്; തൊഴിലാളിജനങ്ങൾക്കു് യാതൊരുവിധ മേന്മയും ഉണ്ടായിക്കഴിഞ്ഞിട്ടില്ല; വിദ്യാഭ്യാസസമ്പ്രദായങ്ങൾ പാടേ തിരുത്തിയെഴുതിക്കഴിഞ്ഞിട്ടില്ല; ഇതേവരെ ഭാരതം ഒരു വ്യാവസായിക രാഷ്ട്രമായി ഉയന്നിട്ടില്ല അഥവാ ശാസ്ത്രത്തിന്റെ ഭീകര കണ്ടുപിടുത്തങ്ങൾക്കൊന്നും കൂത്തകസ്ഥാനം പിടിക്കാൻ കഴിഞ്ഞില്ല ഭാരതത്തിന്നു് എന്നെല്ലാം മുറവിളികൂട്ടിക്കൊണ്ടു് ഒരുകൂട്ടം ഭൗതികവാദികൾ കണ്ണടച്ചു് കൂക്കിവിളിച്ചുകൊണ്ടൊന്നും യാതൊരു മേന്മയും നാട്ടിന്നും നാട്ടാക്കും ഉണ്ടാവാൻ പോകുന്നില്ല അല്ലെങ്കിൽ പറയുന്നതല്ലല്ലോ കാര്യം പ്രവർത്തിക്കുന്നതല്ലേ?

ആത്മാഭിമാനമുള്ള ഭാരതത്തിന്റെ വീരസന്താനങ്ങളാണു് നാം. മററുള്ള മഹാരാഷ്ട്രങ്ങളിൽനിന്നും വ്യത്യസ്തമായ ഒരു പ്രകൃതിയും ചരിത്രവുമാണു് നമ്മുടേതു്. ആർഷസംസ്കാരത്തിന്റെ എന്തൊ........ എന്തോ ഒന്നു് നമ്മുടെ സിരകളിലുള്ള രക്തത്തിൽ അലിഞ്ഞുചേർന്നു് നിഷ്പ്രഭമായി കിടക്കുന്നുണ്ടു്. ഒരു ഭാരതീയനായിരിക്കുന്നേടത്തോളം കാലം സമാധാനവാഞ്ഛയുടേയും സൌഹാർദസന്ദേശത്തിന്റേയും മാറെറാലി ഹൃദയത്തിൽനിന്നും മാച്ചും മറച്ചും കളയുവാൻ സാദ്ധ്യമല്ല. നമ്മുടെ ജീവിതത്തിന്നിണങ്ങിയ

പ്രകൃതിതന്നെ ഇക്കാര്യത്തിൽ ശ്രദ്ധയോടെ അണിഞ്ഞൊരുങ്ങി നമ്മുടെ സുഖദുഃഖങ്ങളിൽ പങ്കുകൊള്ളുവാൻ ശ്രമിക്കുന്നുണ്ട്. നാമെന്തിന്ന് അക്കാര്യം മറക്കുന്നു അഥവാ മറയ്ക്കുന്നു.

"ചോരതിളയ്ക്കുന്നതില്ലേ തെല്ലും
ഭാരതവീരയുവാവേ!"

എന്നൊരു കവി പാടിയതു് ഏതൊരു സംസ്കാരത്തിന്റെ മറവിൽ നിന്നാണെന്ന് ഓർക്കുമ്പോളാണ് നാം ആർഷസംസ്കാരത്തിന്റെ വഴികാട്ടികളായിത്തീരണമെന്ന ആഗ്രഹമുള്ളവരായിത്തീരുന്നത്.

പുൽക്കൊടിയിൽപോലും മനുഷ്യജീവിതം ദർശിച്ച, മഞ്ഞുതുള്ളിയിൽനിന്നും മൺതരിയിൽനിന്നും മഹത്തായ സന്ദേശങ്ങൾ മനുഷ്യർക്ക് കാട്ടിക്കൊടുത്ത മഹാവ്യക്തികൾ എത്രയാണെന്നോ ഭാരതത്തിൽ ഉദയം ചെയ്തിട്ടുള്ളതു്!

നമുക്ക് പ്രകൃതിയോട് കുറെക്കൂടെ അടുക്കാം. നമ്മുടെ നാട്ടിൽ ദേവാലയങ്ങളോട് അധികം അടുത്തുനില്ക്കുന്നൊരു നല്ല വൃക്ഷമാണ് പാല. അതിന്നൊരു പ്രത്യേക സ്വഭാവമുണ്ട് നിറയെ പൂത്തുനില്ക്കുന്ന കാലത്തു് അവയുടെ പരിമളം രാത്രികാലങ്ങളിൽ മാത്രമെ പുറപ്പെടുന്നുള്ളു. പകലതിന്റെ പരിമളം പ്രസരിക്കാറില്ല. ഏതാണ്ട് മിക്കവാറും മനുഷ്യജീവിതത്തെ ഈ പാലപ്പൂവിനോട് സദൃശപ്പെടുത്തുന്നതു് രസകരമായിരിക്കും.

പരിമളം പുറപ്പെടാത്ത അതിന്റെ പകൽസമയം മനുഷ്യജീവിതത്തിലെ വിദ്യാഭ്യാസകാലമായും അതിന്നുശേഷമുള്ള അതിന്റെ പ്രസരിപ്പുള്ള രാത്രികാലത്തെ വിദ്യാഭ്യാസത്തിന്നു ശേഷമുള്ള മനുഷ്യരുടെ ജീവിതകാലമായും കണക്കാക്കാം. അപ്പോൾ പകൽ വെളിച്ചംപോലെ പരിശുദ്ധമായതാണ് വിദ്യാഭ്യാസകാലം യാതൊരുവിധ മാലിന്യങ്ങളും അക്കാലത്തിൽ വിദ്യാർത്ഥികളെ ബാധിക്കാൻ പാടില്ലാത്തതാണ്. എന്നാൽ പാലപ്പൂവെപ്പോലെ പിന്നീട് പരിലസിക്കാനുള്ള ഒരു ശക്തി അവരിൽ ലീനമായി കിടക്കുന്നുണ്ടാകും. അഥവാ അക്കാലത്തു് പാലപ്പൂവിന്റ് പരിലസിച്ചിട്ടും വിദ്യാർത്ഥികൾക്ക് തങ്ങളുടെ ഉള്ള് തുറന്ന് കാട്ടിയിട്ടും ഫലമില്ലായിരിക്കാം ആരും രണ്ടുകൂട്ടരേയും അഭിനന്ദിക്കാൻ ആ പകൽ സമയത്തു് ഇല്ലായിരിക്കും.

മറിച്ച് രാത്രിയാണെങ്കിൽ പാലപ്പൂവിന്റെ പരിമളം നാട്ടിന്റെ നാനാഭാഗത്തും പരിലസിക്കുന്നുണ്ടാവും. ജനതതി ഭിന്ന ഭിന്നരീതിയിൽ അതിനെ വീക്ഷിക്കുകയും സ്വീകരിക്കുകയും ചെയ്യുന്നുണ്ടായിരിക്കും. വിദ്യാഭ്യാസത്തിന്നു ശേഷമുള്ള ജീവിതം രാത്രിപോലെതന്നെ ലൗകികബന്ധങ്ങളാൽ തമോമയമായിരിക്കും. അതിന്നും പുറമെ വിദ്യാഭ്യാസസമയം ശേഖരിച്ചതത്രയും പ്രസരിപ്പോടെ പുറത്തെടുക്കുന്നതും ആ സമയത്താണ്. വിദ്യാലയത്തിൽനിന്നും പുറത്തുവന്ന് വിവിധ തുറകളിൽ ജീവിതം നയിക്കുന്നവരെ പൊതുജനങ്ങളും വിവിധരീതിയിലാണ് വീക്ഷിക്കുക.

ഇങ്ങനെ പ്രകൃതിയിലെ ഒരു നല്ല വൃക്ഷത്തിന്റെ കുസുമസഞ്ചയത്തോട് മനുഷ്യജീവിതത്തെ സാദൃശ്യപ്പെടുത്താം. ഇനിയും ചിന്തിച്ചാൽ കൂടുതൽ ബന്ധംകാണിച്ച് ഈ അഭിപ്രായം ഉറപ്പിക്കാനും കഴിയും.

അങ്ങനെ വിദ്യാർത്ഥികൾ തങ്ങളുടെ സ്വന്തം താല്പര്യങ്ങളെ മുൻനിർത്തി രാഷ്ട്രീയ പ്രവർത്തനങ്ങൾ വേണ്ടെന്ന് വെയ്ക്കുകയാണ് ചെയ്യേണ്ടതെന്ന് ഞാൻ പറയുമ്പോൾ തെറ്റിദ്ധരിക്കരുത്.

കാരണമുണ്ട് ഇങ്ങനെപറയുവാൻ. നാമൊരു രാഷ്ട്രീയപ്പാർട്ടിയുടെ കരുവായിത്തീരുകയാണെങ്കിൽ നമ്മുടെ വിദ്യാഭ്യാസത്തിന്ന് ന്യൂനതമാത്രമാണ് നേട്ടം. പാർട്ടിയംഗങ്ങൾക്ക് എപ്പോഴും അതേ വീക്ഷണകോണിൽകൂടി മാത്രമേ ഏതുസംഗതിയും കാണുവാനൊക്കു. വിദ്യാർത്ഥി ഒരു പാർട്ടിയുടേയും കുത്തകക്കാരനല്ല. അഥവാ ആയിരിക്കയുമരുത് (പക്ഷെ ഇന്നത്തെ സ്ഥിതി അങ്ങിനെയല്ലെന്ന് ഓർമ്മയില്ലാതെയല്ല ഇത്രയും പറയുന്നതു്.)

എന്നുവെച്ച് ഒരു സ്വതന്ത്രനാണോ വിദ്യാർത്ഥി? അല്ലെന്നാണ് ഞാൻ പറയുക. ബാല്യകാല

# മനോരോഗവിജ്ഞാനം

വൈദ്യരത്നം പി. സി. ഗോവിന്ദൻ നായർ.
(വൈദ്യർ വല്ലപ്പുഴ)

സ്ഥൂലം സൂക്ഷ്മം കാരണം എന്നീത്രിവിധോപാധിധർമ്മങ്ങളുടെ സമഷ്ടിയായ ഒരു രൂപമാണ് മനുഷ്യൻ. മനുഷ്യന്റെ ശരീരത്തെ വിശകലനംചെയ്തു പരിശോധിക്കുമ്പോൾ ശാസ്ത്രജ്ഞന്മാർ സൂക്ഷ്മത്തെ വിസ്മരിക്കുന്നു. സ്ഥൂലമായ ആ ശരീരത്തിന്നു സൂക്ഷ്മമാണു കാരണമെന്നു അവർ ആലോചിക്കുന്നില്ല. അതുകൊണ്ടു ശാസ്ത്രീയമായ പരിജ്ഞാനം ശരീരത്തെ സംബന്ധിച്ചേടത്തോളം അപൂർണ്ണമാണ്. സ്ഥൂലത്തിന്നു നിദാനം സൂക്ഷ്മവും, സൂക്ഷ്മത്തിന്നു നിദാനം സ്ഥൂലവുമാകുന്നു. പരസ്പരം ആധാരാധേയഭാവത്തിൽ അവ അവിഭാജ്യഘടകങ്ങളായിത്തന്നെ നിലനിൽക്കുന്നു അതുകൊണ്ടു അവയിൽ ഏതിന്നാണ് പ്രാധാന്യമെന്നു കല്പിക്കുന്നതു അപ്രസക്തമാകുന്നു. പക്ഷെ പ്രകൃതിയിൽനിന്നും പഠിച്ചുകൊണ്ടിരിക്കുന്ന തത്വശാസ്ത്രത്തിന്റെ പ്രകാരത്തിൽ സ്ഥൂലത്തെക്കാൾ സൂക്ഷ്മത്തിന്നു മഹത്വമുണ്ടെന്നു സമ്മതിച്ചേ മതിയാകൂ. വേദാന്തികളുടെ അഭിപ്രായത്തെ ആദരിച്ചുംകൊണ്ടു പരിശോധിക്കുമ്പോൾ സ്ഥൂലത്തെക്കാൾ സൂക്ഷ്മത്തിന്നും, സൂക്ഷ്മത്തെക്കാൾ കാരണത്തിന്നും പ്രാധാന്യമുള്ളതായി കാണാം. കാരണമില്ലാതെ കാര്യമില്ല. മണ്ണ്, കല്ല്, മരം എന്നിവയുണ്ടായാൽത്തന്നെയും ആശാരിയില്ലാതെ ഗൃഹമുണ്ടാകുന്നില്ല. മൃത്ത് ദണ്ഡം, ചക്രം എന്നിവകൊണ്ടുമാത്രം കുംഭകാരനില്ലാതെ ഘടാദികൾ ഉണ്ടാകുന്നില്ല. അതുകൊണ്ടു കാരണത്തിന്നു അദ്വിതീയമായ ഒരു സ്ഥാനം കല്പിച്ചേ മതിയാകൂ. അവരുടെ ഭാഷയിൽത്തന്നെ പറയുകയാണെങ്കിൽ 'അനന്തവും അചിന്ത്യവുമായ നിമിത്തമാണ് ആ മഹത് ശക്തിയുടെ വിജൃംഭണത്തിന്നുതന്നെ നിദാനമായി നിലനിൽക്കുന്നതു്. ഏതായാലും അനിഷേധ്യമായ എന്തോ ഒന്നിന്റെ വൈശിഷ്ട്യംകൊണ്ടെന്നുതന്നെ പറയട്ടെ ആകാശാദി പഞ്ചമഹാഭൂതങ്ങളും ചേതനയും കൂടിയതാണ് ഈ സൃഷ്ടിയെന്നു സമ്മതിക്കേണ്ടിയിരിക്കുന്നു. അല്പംകൂടി വിശദീകരിക്കുകയാണെങ്കിൽ മനസ്സ് ഒന്നു, ദശേന്ദ്രിയങ്ങൾ പത്തു, ഇന്ദ്രിയാർത്ഥങ്ങൾ അഞ്ചു, പ്രകൃതി, ചേതന, ബുദ്ധി, എന്നിങ്ങനെ മൂന്നു, ഭൂതങ്ങൾ അഞ്ച്, ആത്മാവ് ഈവിധം 25തത്വങ്ങൾ ചേർന്നതാണ് ഒരു സമഷ്ടിയായ വ്യക്തി എന്നുവ്യവഹരിക്കാം. ഇതിൽഇന്ദ്രിയാർത്ഥസംയോഗം മനസ്സിനെ പ്രവൃത്തിപ്പിക്കുന്നു. ഏകത്വമെന്നും, അണുത്വമെന്നും രണ്ടുഗുണങ്ങൾ മനസ്സിന്നുണ്ട്. അതിൽത്തന്നെ അണുത്വമെന്ന ഗുണവിശേഷം ഇന്ദ്രിയാർത്ഥസംയോഗത്തിൽ ജ്ഞാനമെന്നഅവസ്ഥയെ ഉണ്ടാക്കുന്നു. ചിന്ത്യം, വിചാര്യം, ഊഹ്യം, ധ്യേയം, സങ്കല്പ്യം എന്നിങ്ങനെ ജ്ഞാതവ്യവസ്തുക്കളായി എത്രയൊക്കെയുണ്ടോ അവ എല്ലാംതന്നെ മനസ്സിന്റെ വിഷയങ്ങളാകുന്നു. ഊഹിക്കുക, വിചാരിക്കുക എന്നിതെല്ലാം മനസ്സിന്റെ ധർമ്മങ്ങളാകുന്നു. പക്ഷെ ക്രിയാവിശേഷത്തെ ആശ്രയിച്ച് മനോധർമ്മം രണ്ടായി വിഭജിക്കുകയും ഗുണദോഷനിരൂപണംവരെ മനസ്സിന്റെ ധർമ്മമായും അതിന്നതീതമായി തീർച്ചപ്പെടുത്തുന്നതും, വിഷയങ്ങളെ സ്ഥിരീകരിക്കുന്നതും ബുദ്ധിയെ

---

ത്തു് അമ്മക്ക് അടിമപ്പെട്ടും കൌമാര കാലത്തും വിദ്യാഭ്യാസ കാലത്തും അച്ഛനും ഗുരുജനങ്ങൾക്കും കീഴ്പ്പെട്ടും യൌവനകാലത്ത് മററാരാൾക്ക് അടിപ്പെട്ടും കഴിയേണ്ട വിദ്യാർത്ഥികൾ ആണോ സ്വതന്ത്രർ? അതാണ് പറഞ്ഞതു് വിദ്യാർത്ഥികൾ ഒരു പാർട്ടിയുടേയും കുത്തകക്കാരല്ല, സ്വാതന്ത്ര്യരുമല്ലെന്ന്. പക്ഷെ വിദ്യാർത്ഥിദശ ജീവിതത്തിലെ സുന്ദരമായൊരു വശമാണെന്നും വളരെ ഹൃദയഹാരിതയോടെ അക്കാലം കഴിച്ചു കൂട്ടേണമെന്നും വിദ്യാർത്ഥികൾ എപ്പോഴും ഓർമ്മിക്കേണ്ടതാണ്. ആ കടവു കടന്നാലുണ്ടല്ലോ പിന്നെവേണ്ടുവോളം സമയം പ്രവർത്തനരംഗങ്ങളിൽ പയററിനോക്കുവാൻ. കടവു കടക്കുന്നതുവരെ സമാധാനത്തോടെ ഒതുങ്ങിയിരിക്കണം. അല്ലെങ്കിൽ കടവു കടന്നു വീണ്ടും യാത്ര ആരംഭിക്കുവാൻ കഴിഞ്ഞില്ലെന്നുവരാം.

ന്നപേരിൽ മനസ്സിന്റെ മറ്റൊരു ധർമ്മമായും കണക്കാക്കുന്നു. (ഈ പ്രകരണം ആത്മികപണ്ഡിതന്മാരിൽ ഒരു വിഭാഗക്കാർക്ക് രുചിക്കുകയില്ല. എന്നാൽ ഐകകണ്ഠ്യമായ ഒരു തീരുമാനം എടുക്കുന്നതുവരെ ഈ അഭിപ്രായം സാധൂകരിക്കാവുന്നതാണ്)

ആകാശാദിപഞ്ചമഹാഭൂതങ്ങളിൽ ശബ്ദാദിവിഷയങ്ങൾ ഉത്തരോത്തരം വർദ്ധമാനമായിത്തീരുന്നതുകൊണ്ടു ഇന്ദ്രിയാർത്ഥങ്ങൾക്ക ഭേദം ഉണ്ടാവുകയും തദ്വാരാ ബുദ്ധിയുടെ ധാർമ്മികമൂല്യത്തിന്നു ശൈഥില്യമോ നാനാത്വമോ സംഭവിക്കുകയും ചെയ്യുന്നു. അംഗുലികൾ വീണയുടെ കമ്പികൾ നഖങ്ങൾ എന്നിവ ഒന്നായിച്ചേരുമ്പോൾ അവ്യക്തമായ ശബ്ദം വ്യക്തമാകുന്നതുപോലെ അപഞ്ചീകൃത പഞ്ചഭൂതങ്ങളുടെ അവ്യക്തമായ തന്മാത്രാവിദ്യോതകങ്ങൾ സ്ഥൂലമായ—അതായതു—പഞ്ചഭൂതസഞ്ചിതമായ ശരീരത്തിന്റെ പ്രവർത്തനത്തിന്നു നിദാനമായിത്തീരുകയും പരസ്പരം ചേർന്നു അവ ഒരു അവിഭാജ്യഘടകമായി. പ്രവൃത്തിപ്പിക്കുകയും ചെയ്യുന്നു. അപഞ്ചീകൃതങ്ങളായ ഈ പഞ്ചഭൂതതന്മാത്രകളുടെ ഘടനാവൈശിഷ്ട്യംകൊണ്ടു ഇന്ദ്രിയാർത്ഥങ്ങളുടെ ക്രിയാധർമ്മങ്ങൾക്ക ഉച്ചനീചാദിഭാവങ്ങൾ സംഭവിക്കുകയും അതുകൊണ്ടു ഇന്ദ്രിയാർത്ഥങ്ങളുടെ ധർമ്മങ്ങളെ സത്വം, രജസ്സ്, തമസ്സ്, എന്നിങ്ങിനെ മൂന്നായി വിഭജിക്കുകയും ചെയ്യുന്നു. ഇവിടെയാണ് ആചാര്യന്മാർ മാനസികമായ രോഗങ്ങൾക്ക നിദാനം ദർശിക്കുന്നതു്. ഇതിന്റെ അടിസ്ഥാനത്തിൽ ആ പഞ്ചഭൂതങ്ങളിൽ അന്തർലയിച്ചിരിക്കുന്ന മൂലധാതുക്കളുടെ പരിണാമമാനത്തെ ആശ്രയിച്ചു പഞ്ചഭൂതങ്ങളെ മൂന്നായി വിഭജിക്കുന്നു അതായതു വായു ആകാശം എന്നി രണ്ടു ഭൂതങ്ങളുടെ സംയോഗത്തെ വാതമെന്നും, അഗ്നിയെ പിത്തമെന്നും, ജലംപൃഥ്വി എന്നിവയുടെ സംയോഗത്തെ കഫമെന്നും വ്യവഹരിക്കുന്നു. ആ താത്വിക സിദ്ധാന്തത്തെ അവലംബിച്ചുകൊണ്ടാണ് പഞ്ചഭൂതോൽഭവമായ ഈ ശരീരം ത്രിദോഷാത്മകമാണെന്നു അവർ സമർത്ഥിക്കുന്നതു്. ഈ നിലയിൽ ആയുർവ്വേദാധിഷ്ഠിതമായ ത്രിദോഷസിദ്ധാന്തം അചഞ്ചലവും അനിഷേധ്യവുമായ ഒരു സിദ്ധാന്തമായി ശാസ്ത്രജ്ഞന്മാർ അംഗീകരിക്കുന്നു. ഇന്ദ്രിയോപാധികൾക്ക പ്രവർത്തനാവബോധം നൽകുന്നതു അപഞ്ചീകൃതങ്ങളായ പഞ്ചഭൂതതന്മാത്രകളുടെ സമ്യക്സംയോഗത്തിൽനിന്നുമുൽഭവിക്കുന്ന സൂക്ഷ്മാത്മകമായ മനസ്സാകുന്നു. രണ്ടു അരണികളുടെ സംഘട്ടനത്തിൽനിന്നും അദൃശ്യമായ അഗ്നി ദൃശ്യമാകുന്നതുപോലെ സ്ഥൂലവും സൂക്ഷ്മവുമായ ശരീരഘടനാവൈചിത്ര്യംകൊണ്ടു മസ്തിഷ്കാന്തരമായ സൂക്ഷ്മഭൂമിയിൽ സച്ചിദാനന്ദസ്വരൂപമായ ആത്മശക്തി പ്രസ്ഫുരിക്കുന്നു. ആ ആത്മീയശക്തിയാണ് സുഖദുഃഖങ്ങളായ മാനസികവികാരങ്ങൾക്ക സാക്ഷിയായി നിൽക്കുന്നതു്. ഹൃദയഗ്രന്ഥിയിൽനിന്നും ഗ്രീവകൾവഴി മസ്തിഷ്ക്കത്തെ പ്രവൃത്തിപ്പിക്കുവാൻവേണ്ടി രക്തമാകട്ടെ നിരന്തരം പ്രവഹിച്ചുകൊണ്ടിരിക്കുന്നു. ആ രണപ്രവാഹത്തിൽ അതിന്റെ ഓരോ അണുകങ്ങളിലും അന്തർലയിച്ചിരിക്കുന്ന ധാത്വംശങ്ങളുടെ ഗുണദോഷങ്ങളെ ആശ്രയിച്ചു അവ അവിടെ പ്രവൃത്തിപ്പിക്കുകയും ചെയ്യുന്നു. ഈ സിദ്ധാന്തം അവലംബിച്ചു ആചാര്യന്മാർ ഒട്ടേറെ ചിന്തിച്ചിട്ടുണ്ട്. അതിന്റെ ഫലമായി മാനസികവ്യാധികളെ മൂർഛ, മദാത്യയം, ഉന്മാദം, അപസ്മാരം, സന്യാസം, ഭ്രമം, എന്നിങ്ങിനെ ആറായി വിഭജിക്കുകയും ത്രിദോഷസിദ്ധാന്തത്തെ ആശ്രയിച്ചു ഓരോ വ്യാധികളേയും വെവ്വേറെ വിശകലനംചെയ്തു പരിശോധിക്കുകയും ചെയ്യുന്നു. അതായതു മനുഷ്യന്റെ സംജ്ഞയെ വഹിക്കുന്ന സിരകളും ശ്രോതസ്സുകളും വാതാദിദോഷങ്ങളാൽ ആവരണംചെയ്യപ്പെടുമ്പോൾ അജ്ഞാനം ഹേതുവായിട്ടു തമോഗുണം വർദ്ധിക്കുകയും ക്ഷണനേരംകൊണ്ടു അയാളുടെ സുഖദുഃഖബോധം നശിക്കുകയും ചെയ്യുന്നു. ഈ രോഗത്തെ മോഹമെന്നും, മൂർഛാ എന്നു അവർ നാമകരണംചെയ്യുന്നു. ഈവിധം മാനസികങ്ങളായ എല്ലാവ്യാധികളേയും അർഹിക്കുന്ന പ്രാധാന്യത്തോടുകൂടി അതിസൂക്ഷ്മംവരെ ചിന്തിച്ചു അഖണ്ഡനീയമായ ഒരുനിഗമനത്തിൽ എത്തിച്ചേർന്നിട്ടുള്ളവരാണ് നമ്മുടെപൂർവ്വഗാമികളായ ആയുർവ്വേദാചാര്യന്മാർ, അവരുടെ ആ അജയ്യമായ ശാസ്ത്രസമ്പത്തു് ഭാരതീയ ചിന്താഗതിക്ക ഇന്നും പ്രകാശംനൽകി നിലനിൽക്കുകയും ചെയ്യുന്നു.

# വിഷപുഷ്പം.

## മാധവൻ അയ്യപ്പത്ത്.

1

വഴിയുമഴകെഴും പൂച്ചെടിയൊന്നതാ
വഴിവക്കിൽ മുററിത്താഴച്ചുനില്പൂ
തറയില്ല, തടമില്ല, നനയില്ലവേനലിൽ,
തിരിയാരു മറതിക്കവെക്കലില്ല.
പനിനീരും പണിയുന്ന കൈകളാലിച്ചെടി
പരിചാരമൊരുനാളുമേററതില്ല
മതിമുഖിമനതാരഴിഞ്ഞുപൊഴിഞ്ഞിടും
മലർമന്ദഹാസത്തിൽ മുങ്ങിയില്ല
അനുരാത്രം കാമുകരുരുമോദമുരുവിടും
അനുരാഗമന്ത്രങ്ങൾ കേട്ടുമില്ല
തളരാതെ തണവററ വേനല്ക്കുമിച്ചെടി
തളിരിട്ടു വേഗം വളൎന്നുവന്നു.

2

തരുണാൎക്ക കിരണങ്ങളേല്ക്കെയൊരുനാളി
തരുകത്തരുണിയും മൊട്ടണിഞ്ഞു
കുശലങ്ങൾ ചോദിച്ചലട്ടുമ്പോളിച്ചെടി
കുസൃതിക്കാററിൻനേൎക്ക ചില്ലയായാഞ്ഞി
അറിയേണമതിനിപ്പോ, ളാരെ,പ്പൊളെ,ന്നൊക്കെ
അറിയാനതിനിതിലെന്തുകാൎയ്യം?
വലുതായി വളരുൻ മലർമൊട്ടനുദിനം
വിരിയുന്നതിന്മുമ്പുമെന്തു ഭംഗി!
വിടരുന്നതിന്മുമ്പു മിത്രയ്ക്കുണ്ടാകുകിൽ
വികസിക്കെയെന്താകുമോമനത്വം!
മുകുളിതപ്രായത്തിലിത്രക്കുണ്ടാവുകിൽ
വികസിക്കിലെന്താവുമോമനത്വം.

3

പുലരിയിലരുണനുദിക്കവെ, തെന്നൽ
പുതുമകൾതേടി യലഞ്ഞുപോകെ
മുകളിൽനിന്നൊരുതാര മിരവിൽകൊഴിഞ്ഞപോൽ
മുകുളമാച്ചെടിയിൽ വിരിഞ്ഞുനിന്നു
കതിരവന,രുമയായ്പോലിതിന്നോമന
കവിൾകളിലായിരമുമ്മവെച്ചു.
വിരുതനാമീപുഷ്പ ബാലികയൎക്കന്റെ
തളിരുകൾകൊണ്ടു പിടികൂടാച്ചെടിക്കതൻ
തനുവാകെകോരിത്തരിച്ചുപോയി.

4

കളിയാടിയാപൂവു സ്വൎഗ്ഗത്തിൽനിന്നൊരു
കമനീയകാവ്യം വിടൎന്നപോലെ
കളിവേഷമാൎന്നെല്ലാരപ്സരസ്ത്രീവന്നീ
തളിരുകൾക്കുള്ളിലൊളിച്ചതാവാം.
അതുമാത്രമഴകററതാണെന്നിരിക്കിലും
അതിനെയെന്തെല്ലാരും സംത്യജിക്കാൻ?
അറിവോററമുണ്ടെന്നു മാനിക്കും മൎത്ത്യനും
അഴകെന്നതെന്തെന്നറിഞ്ഞുകൂടെ?
അറിയാസ്സുമൊന്നുണ്ടീകുസുമത്തിൻ
അകമേററ മുഗ്രവിഷമതത്രെ
മണമതുമാദക മാണെന്നിരിക്കിലും
മരണമാണായതൊന്നാസ്വദിക്കിൽ.
സുരലോകസൌന്ദൎയ്യ ചഷകത്തിനുള്ളിലീ
ഗരളമാരെന്തിന്നൊരുക്കിവെച്ചു?

5

പുതുമന്ദവായുവിൽ, പരിപൂൎണ്ണയൌവ്വന
പുലരിയിൽ പൂ നൃത്തമാടീടുമ്പോൾ
ദിവസക്കിനാക്കളിൽ മുഴുകുമൊരാളൊരു
ദിവസമീ പൂവ്വിനെ കണ്ടുമുട്ടി
മലരിന്മേലണിമഞ്ഞിലിനരശ്മിയേല്ക്കവെ
മഴവില്ലിൽമണികോൎത്ത മാലചാൎത്തി,
അവികലസൌന്ദൎയ്യ ധാമങ്ങൾക്കൊന്നെന്നും
അണിയായിത്തീരുമെന്നല്ലീചൊൽവു.
കുസുമത്തിനന്യൂന ശോഭകണ്ടപ്പുമാൻ
കുതുകത്താലപ്പടി നിന്നുപോയി
പുതുപൂവ്വിതളിൻതുടിപ്പുകളോരോന്നും
പുളകങ്ങളായാൾക്കിയററിയെങ്ങും
അനുപമക്കോമളമാകാരമെന്തിദം!
അവനിയിലിമ്മട്ടും പൂക്കളുണ്ടോ?
അലരിന്നകൃത്രിമ ഭംഗിനുകൎന്നയാൾ,
അഴകിന്റെ പൂജകൻ നിന്നുപോയി
വെറുമൊരു പൂവ്വിനെയല്ലയാൾകണ്ടതു

6

അതിശയലാവണ്യമേലുമിപ്പൂകിട്ടാൻ
അകതാരിലഭിലാഷമങ്കുരിച്ചു
അതുലാംഗസൌഭാഗ്യ ദൂതിയേററിട്ടാണാദ്യം
അനുരാഗബീജം മുളയെടുപ്പു.
മദമേകമായതിൻ മണമൊന്നനുകരുവാൻ,
മൃദുലമാമിതളുകളിലുമ്മവെക്കാൻ,
അനുമാത്രമാഗ്രഹം പൂണ്ടയാളപ്പൂവ്വിൻ
അരികിലേക്കറിയാതെ നീങ്ങുകയായ്.

7

അകലെനിന്നൊരുചിത്രശലഭമുൾഭ്രമമോറം
അരുളുമീപൂവ്വിൻെറ കാന്തികണ്ടു
പലപലമട്ടുമലർ മഞ്ജരികൈവിട്ടാ
പതഗമിക്കുസുമത്തിന്നരികിലെത്തി.
മിനുമിനെമിന്നിയാശലഭം കുറിച്ചിട
മഴമിന്നൽപോലതിൻചുററുപാടും
പരിമളം, മധു, വിവശ്യന്നാനട്ടുത്തഹാ,
പരാഗതജീവനായ് മണ്ണിൽവീണു.

8

തരളിതചിത്തനാമാ യുവാവാസ്സുമം
തനതാക്കാനാശിച്ചടുത്തിടുമ്പോൾ
മരണമാന്നാചിത്രശലഭംപതിക്കെയൊ
മനുജനെ ചിന്തപിടിച്ചുനിർത്തി.
പരമെത്രവിശിഷ്ടിത്ത, മീച്ചാരുസൂനത്തിൻ
പരിമളം കങ്കോളവായുവല്ലെ?
അതിനെന്നുകരുവാൻ, മരണംവരിക്കുവാൻ,
അറിവോററമുണ്ടായുഴറുകെന്നോ?
വിഷമയപുഷ്പമാണെങ്കിലെന്താകാര
സുഷമയതെത്രക്ക ദിവ്യമല്ലെ?
പരിശുദ്ധിയേകുന്ന പാവകദേവൻെറ
കരളിലും കലുഷാഭയല്ലീകാണ്മൂ?

അവനിയിൽചിന്നിയ ലാവണ്യമെന്നായൊ
രവതാരം പൂണ്ടതല്ലിപ്രസൂനം?
മനമാകെ കവരുമാററനഘാംഗശോഭമി
മലരുതാനെങ്ങിനെ കൈവെടിയും?
അരുതരുതെത്രക്കനേരംതാനിതുവിധം
അലരിൻെറ കാന്തിനുണഞ്ഞിരിക്കും?
വിഷമല്ലിയീപൂവ്വിൻപരിമളം? ഹാ, ദൂതി!
വിഷമമേ ഞാനിതു സംത്യജിക്കാം
വികലമായ് പോകുന്നു ബുദ്ധി. മറക്കുംഞാൻ
വിഷപുഷ്പം! സൌന്ദര്യ! മാദകതം
വിശദമാണീമട്ടു പൂവ്വില്ലവേറെ,യ്
വിഷമെന്തിനിതിലും നിറച്ചുവെച്ചു?
കരുമനപൂണ്ടുഞാനെരിപൊരികൊൾകയൊ
കമനീയസായൂജ്യം മുന്നിൽനില്പൂ?

9

രതിയാകുസുമത്തിലേറുകയാലയാൾ
ധൃതിപൂണ്ടാച്ചെടിതന്നടുക്കലെത്തി
പുരമോദമിളകുമിലകളാൽസ്വാഗത
മരുളിയയാൾക്കാ ചെടിയമന്ദം.
കരമൊന്നുയർത്തിയാ പൂനില്ലും, ചില്ലത
ന്നരികലേക്കായാൾ വലിച്ചുതാഴ്ത്തി.
സമമററൊരാ പൂവ്വിൻദളങ്ങളിൽ
കമനൻതന്നാധരങ്ങൾപരിലസിച്ചു
മണം—അതെ;യാപൂവ്വിൻമണമാനുകൻ,ഹാ,
മരണമന്നത്തനുമണ്ണിൽവീണു
മരണമോ? ആവില്ല, ജനനമൊ? അച്ചുണ്ടിൽ
മധുരസ്മിതാഭയൊന്നല്ലീകാണ്മൂ ?

10

വഴിയുമഴകെഴും പൂച്ചെടിയൊന്നതാ
വഴിവക്കിൽ മുററിവളർന്നിൽപ്പു
അനുപമരമണീയമാമലർപുഞ്ചിരി
ച്ചനിലനിലാടിക്കഴഞ്ഞുനിൽപ്പു.

# ആഭാസശൃംഗാരം

സാഹിത്യത്തിൽ അവശ്യ സ്ഥാനം അനുവദിക്കരുത്.

ആനന്ദവർദ്ധനത്തു് ആർ. രാമൻപിള്ള കിളിമാനൂർ.

സാഹിത്യത്തിൽ രസനിരൂപണം ചെയ്യുന്ന ഘട്ടത്തിൽ ശൃംഗാരത്തെ രസചക്രവർത്തിയായി സ്വീകരിച്ചിട്ടുണ്ടെന്നുള്ളതു ഞാൻ അറിയുന്നുണ്ടു്. അതുകൊണ്ടു് ആഭാസ ശൃംഗാരപ്രയോഗം വേണമെന്നു അർത്ഥമില്ല. 'രസം' എന്നു പേരുള്ള ദ്രവസാധനം ശുദ്ധിചെയ്യപ്പെട്ടതാൽ ഉത്തമൌഷധമാണെങ്കിലും, ശുദ്ധിചെയ്യാതിരുന്നാൽ മരണകാരണമാകുമെന്നു ആർക്കാണു അറിഞ്ഞുകൂടാത്തതു്? അതുപോലെ കവിതയിൽ ശൃംഗാരം ഉപയോഗിക്കുമ്പോൾ വളരെ കരുതലുണ്ടായിരിക്കണം. പച്ച ശൃംഗാരം അഥവാ ആഭാസശൃംഗാരം ലോകഹിതം ഉദ്ദേശിച്ചു ഉപേക്ഷിക്കുക തന്നെവേണം. അന്തസ്സും പ്രൌഢിയുമുള്ള ശൃംഗാരം മാത്രമെ സ്വീകരിക്കാവൂ.

സാഹിത്യത്തിൽ അശ്ലീലപ്രയോഗങ്ങൾ ധാരാളമുണ്ടു്. എന്നല്ല കവികളിൽ ഭൂരിഭാഗവും ആഭാസശൃംഗാരപ്രയോഗങ്ങളിൽ തല്പരന്മാരായികാണുന്നു. ഹിന്ദുക്കൾ ഭക്തിപുരസ്സരം പാരായണംചെയ്യുന്ന ശ്രീമഹാഭാഗവതം എന്ന പുരാണഗ്രന്ഥത്തിൽതന്നെ ദശമസ്കന്ധത്തിൽ ഒന്നുകണ്ണോടിക്കുക?

ജലക്രീഡചെയ്യുമ്പോൾ ഗോപികമാരുടെ വസ്ത്രങ്ങളുംവാരി ശ്രീകൃഷ്ണൻ മരക്കൊമ്പത്തുകയറി ഇരിക്കുന്നതും അവർ കരക്കുകയറി കൈനീട്ടിച്ചോദിച്ചാൽ വസ്ത്രം കൊടുക്കാമെന്നുപറയുന്നതും മററും വായിച്ചുനോക്കേണ്ടതാണു്.

അച്ഛനറിഞ്ഞാലെനിക്കില്ലുപേതമെ-
ന്നച്യുത വാക്കുകേട്ടോരുഗോപീജനം
അന്യോന്യമീക്ഷിച്ചു മന്മഥമന്ദിരം........
നന്നായ്കരംകൊണ്ടു പൊത്തിവന്നീടിനാർ

എന്നിങ്ങനെ ആഭാസശൃംഗാരം പ്രയോഗിച്ചിരിക്കുന്നു. ഭഗവൽ ഭക്തന്മാർക്കു ഈ ഭാഗങ്ങളെല്ലാം ഭക്തിമയങ്ങളെന്നാണു് ഭാവം.

ആട്ടക്കഥകളേയും ചന്ദ്രോത്സവാദികൃതികളേയും പററി എനിക്കൊന്നും പറയുവാനില്ല. ആട്ടക്കഥാകർത്താക്കൾ ആഭാസശൃംഗാരപ്രയോഗങ്ങളിൽ വളരെ വിരുതന്മാരാണു്.

'ശ്യാമളാങ്കമെന്നതു ശങ്കയെന്തിനുവൃഥാ
വ്യോമതളിമംതന്നിൽയാമിനീരമണീ
കാമകേളിചെയ്തു കാമംതളർന്നിതിനാൽ
സോമനുടെഉരസി സൈ്വരംശയിക്കുന്നു'

എന്നിങ്ങനെ പൌണ്ഡ്രകവധം ആട്ടക്കഥയിൽ അപഹ്നുതി അലങ്കാരത്തിൽ പച്ച ശൃംഗാരപ്രയോഗം ചെയ്തിരിക്കുന്നതു നോക്കുക!

'മല്ലീശരാധികമല്ലേ നിന്നെലഭിച്ചുവരെന്നാൽ
നല്ലപുണ്യമിന്നല്ലോ സഫലംമമ!
.... .... ....മോഹനാംഗി!
ഫുല്ലകമലദളലോചനാ വിരവൊടു'

എന്നിങ്ങനെ തെക്കൻ സുഭദ്രാഹരണം കഥകളിയിൽ നവോഢയായ പാഞ്ചാലി ധർമ്മപുത്രരോടു പറഞ്ഞിരിക്കുന്നു.

സിംഹധ്വജചരിതം ആട്ടക്കഥയിൽ രാജാവിനോടു് ഭാര്യ പറയുകയാണു്:—

'വാരിജാസ്യ ചാരുരൂപ! ദൂരിതപാപ!
........ചെയ്യുതിന്നു പാരമുണ്ടു് മോഹമിന്നു!
സോമബിംബമിതുകാൺക!
മാമകപ്രാണനായക!
........ചെയ്തീടുവാൻ താമസിച്ചീടൊല്ലാഭവാൻ

പുരുഷന്മാർകൂടി ചെയ്തിടാത്ത പ്രാർത്ഥനയാണു് ആട്ടക്കഥാകർത്താക്കന്മാർ സ്ത്രീകളെക്കൊണ്ടു് അതുമല്ല നവോഢാകളെക്കൊണ്ടുചെയ്യിപ്പിച്ചിരിക്കുന്നതു്.

ഇതു കഷ്ടമെന്നല്ലാതെ എന്താണ് പറയേണ്ടതു്? ആട്ടക്കഥാകർത്താക്കന്മാർ അശ്ലീലപ്രയോഗങ്ങളിൽ വിരുതന്മാരെന്നു മാത്രമല്ല സ്ത്രീപുരുഷ [illegible] ൻ കഴിവില്ലാത്ത അജ്ഞന്മാരെന്നു [illegible] രിക്കുന്നു. മുച്ചുകുന്ദമോക്ഷം ആട്ടക്[illegible] സ്ത്രീയെ സംബോധനചെയ്യുന്നതു്

'മലർബാണകേളീസൌധമേ' എന്നാണ്. നരകാസുരവധം ആട്ടക്കഥയിൽ

'അവരം ചെന്താർ ശരശരനികരത്തിന്നൊരു പഞ്ജരം' എന്നിങ്ങിനെ കാമദേവശരങ്ങൾക്കൊരു പഞ്ജരമായിട്ടാണ്. സ്ത്രീയെ വിവക്ഷിക്കുന്നതു്. ആട്ടക്കഥകളിലെ ഉദാഹരണങ്ങൾ നീട്ടുന്നില്ല.

ചന്ദ്രോത്സവം എന്ന പഴയകൃതിയിൽ വഴിതെററിയ അനവധി ശൃംഗാരകവനങ്ങളുണ്ട്. 'ഒരു ചെറിയ പെൺകുഞ്ഞു—ചോരക്കുഞ്ഞു കൈകാലുകൾ കുടഞ്ഞു കിടക്കുന്നതിനെ കവി വർണ്ണിക്കുകയാണ്

'ധാത്രീകരാംബുജ ധൃതാകമനിയശീലാ
സാപാണിപാദയുഗളീ മനിശംകുടഞ്ഞാൾ
മേലിൽപ്രസൂനശരസംഗരപാടവായ
മുല്ലാട്ടുതേടിന ചെറുശ്രമമെന്നപോലെ'

ഈ പദ്യം വായിക്കുമ്പോൾ

'തെറിയാം വ്യാധിപോക്കീടാൻ
മുറിപ്പത്തൽമഹൌഷധം'

എന്നു ആരും സ്വയംചിന്തിച്ചുപോകും വെറും കോമാളിത്തരവും അധികപ്രസംഗവുമാണ് ഈ പദ്യത്തിലെ ആശയം.

ആ കുഞ്ഞു് കമിഴുന്നുതുടങ്ങുന്നതിനെ കവി വർണ്ണിക്കുകയാണ്.

'സൌവർണ്ണകിങ്ങിണി കിലുങ്ങെമുദാകമിണ്ണാ
ളാരോമലൻപൊട്ടചിരിച്ചു ചിരിച്ചുകാണ്മേ
മേലിൽതിരണ്ട പുരുഷായിത സൂത്രധാര
ശ്രീമൽ പ്രവേശമിവ കോമളഗാത്രവല്ലി

ഇനിയും കേൾക്കുക.

തിങ്കം മനോഭവവിനോദവിശേഷമെല്ലാം
മഞ്ജുണ്ണിക്കലികമേൽ നിഴലിച്ചിതന്യാ
ശിക്ഷാവിഹീന മഹകാന്തകലാപവർണ്ണ–
ശില്പാങ്കുരങ്ങൾ മയിൽമുട്ടയിലെന്നപോലെ

കവിയുടെ അലങ്കാരപ്രയോഗത്തെ പ്രശംസിക്കാമെങ്കിലും പട്ടറിസ്റ്റികളായ വിടന്മാക്കുപോലും ഒരു യുവതിയെ കാണുമ്പോളുണ്ടാകുന്ന വിചാരങ്ങളും, വികാരങ്ങളും ഒരു ചെറിയ പെൺകുഞ്ഞിനെ കാണുമ്പോൾ ഉണ്ടാവുക എന്നതു സ്വാഭാവികമല്ലല്ലോ.

ആ കുഞ്ഞു ജനിക്കാൻ മാതാവുപ്രാത്ഥിക്കുന്ന ഭാഗംകൂടി ശ്രദ്ധിക്കു.

'യൂനാം വിലോചനപുടംപപുഷാകളിപ്പി–
ച്ചാമോദിനീ മകളെനിക്കു പിറക്കയെന്നായ്
പൂജാവസാനസമയേ കനിവോടുനേന്നാൾ
മാധുര്യദേവതയൊടനഹമംബുജാക്ഷി''

മകൾ ജനിക്കുന്നതു യുവാക്കന്മാരുടെ ലോചനങ്ങളെ വപുസ്സുകൊണ്ടു കുളുപ്പിച്ചുകൊണ്ടായിരിക്കണം. ഇതാണു മാതാവിന്നുള്ള പ്രാത്ഥന. ഇങ്ങിനെ ആഭാസശൃംഗാരങ്ങൾ ഉദ്ധരിക്കുവാൻ തുടങ്ങിയാൽ ചന്ദ്രോത്സവം ഒട്ടുമുക്കാലും പകത്തേണ്ടിവരും. ഇനി രസികനായ ചെറുശ്ശേരി നമ്പൂതിരിയുടെ കൃഷ്ണഗാഥയെപ്പററിയും അല്പം ആലോചിക്കാം.

കൃഷ്ണഗാഥയിൽരാസക്രീഡാവിവരണഘട്ടത്തിൽ

'തിങ്കൾതൻചാരത്തു ചെല്ലുന്നതോരംനൽ
പങ്കജം മേന്മേൽ വിളങ്ങിനിന്നു
ചെന്തളിർ തങ്ങളിൽ ചേന്നുവിളങ്ങിതെ
ചന്തമെഴുമ്മാറു മെല്ലെമെല്ലെ
പുത്തനായുള്ളൊരു വിദ്രുമം തന്മീതെ
മുത്തുകൾ ചേന്നുമില്ലപിന്നെ
പങ്കജം താൻചെന്നു ശംഖോടുചേരുമ്പോൾ
ശംഖിന്മേൽകാണായി നൽപ്പവിഴം
പങ്കജ കോരകം തങ്കലെ കാണായി
തിങ്കൾക്കിടാങ്ങൾതന്നങ്കരങ്ങൾ
രംഭകൾ തന്നുടെ സുന്ദരമായൊരു
കന്ദത്തിൽ ക്കാണായി തിങ്കൾതന്നെ

ഇത്യാദി ഭാഗങ്ങൾ പച്ചശൃംഗാരമാണെന്നുള്ളതു വാസ്തവമാണെങ്കിലും ഉപമേയപദങ്ങളെ വിട്ടുകള

ഞ്ഞിട്ട് ഉപമാനപദങ്ങളെ മാത്രം പ്രയോഗിച്ചിരിക്കുന്നതുകൊണ്ടു ശൃംഗാരം പ്രകടമല്ലെന്നുള്ളതിൽ കുറെ ആശ്വാസമുണ്ട്. എങ്കിലും 'രംഭയുടെ കന്ദത്തിൽ തിങ്കളിനെകാണായി' എന്നും മററുമുള്ള ഭാഗങ്ങൾ കുറച്ചു കടന്നുപോയി എന്നു പറയാതിരിപ്പാൻ നിവൃത്തിയില്ല.

കൃഷ്ണഗാഥയിൽ തൈർ കടയുന്ന സ്ത്രീയെ വർണ്ണിക്കുകയാണ്'

'കാഞ്ചിയെക്കൊണ്ടു മുറുകിക്കിടക്കുന്ന
പൂഞ്ചേലതന്നുടെ കാന്തികൊണ്ടും
അൻപിൻചുരന്നുള്ള കൊങ്കകൾതന്നുടെ
വൻപുററകമ്പത്തെ ക്കൊണ്ടുംപിന്നെ
മന്ദുവലിക്കും കരങ്ങളിലാളുമാ_
കങ്കണം തന്നുടെ രാവംകൊണ്ടും
പാരംവിളങ്ങുമ പ്പാഥോജലോചന
പാരിച്ച തൈർ കടഞ്ഞീടുമപ്പോൾ'

തൈർ കടയുന്ന സ്ത്രീയുടെ കൊങ്കകളുടെ കമ്പം വർണ്ണിച്ചാൽ മാത്രമെ കവിയുടെ കമ്പം വായനക്കാർക്കു മനസ്സിലാകുവാൻ സാധിക്കുകയുള്ളു.

ഇനി ഉണ്ണുനീലിസന്ദേശത്തിൽനിന്നു ഒരു പദ്യം ഉദ്ധരിക്കാം.

'ശയ്യോപാന്തേ സലളിതമിരുന്നുണ്ണു നീലീമിരുത്തി
കമ്രാകാരേ നിജകരതലേ കാന്തൻകയ്യമേന്തി
അത്യാമോദാൽ പുളകമിളകി ക്കൊങ്കമേൽ
പ്പൊങ്ങുമാറ_
ങ്ങസ്സദാത്താമവളൊടറിയിപ്പിക്കനീ പിന്നെ
മുന്നിൽ'

സന്ദേശഹാരി, നായകൻെറ വാർത്തയെ 'പുളകം കൊങ്കമേൽപ്പൊങ്ങുമാറ്'' അറിയിക്കുവാനാണ് ആവശ്യപ്പെടുന്നത്. കവികൾക്ക് സുഖംവരണമെങ്കിൽ സ്ത്രീകളുടെ കൊങ്ക, അധരം നിതംബം ഇവയെ പററി ഒന്നു വർണ്ണിച്ചെ മതിയാകൂ. ഇപ്പോൾതന്നെ ഉദ്ധരണങ്ങൾ കുറെക്കൂടി പ്പോയിരിക്കുന്നു. പരിശുദ്ധമായ പത്രപങ്ക്തികളെ ഇത്തരം ശൃംഗാരാംസങ്ങൾ കൂടുതൽ ഉദ്ധരിച്ചു മലിമസമാക്കാതിരിക്കയും വേണമല്ലൊ.

എനിക്കു ചുരുക്കത്തിൽ പറയുവാനുള്ളത് ഇത്തരം ആഭാസശൃംഗാരങ്ങൾക്കു സാഹിത്യത്തിൽ സ്ഥലം അനുവദിച്ചുകൂടാ എന്നാണ്.

ഗവമ്മേൻറും പാഠപുസ്തകക്കമ്മററിക്കാരും ഈ കാര്യത്തിൽ ശ്രദ്ധിക്കേണ്ടതുണ്ട്. പ്രായമായ പെൺകുട്ടികളും ആൺകുട്ടികളും ധാരാളമുള്ള ക്ലാസ്സിൽ പഠിപ്പിക്കുന്ന ഒരു അദ്ധ്യാപകനു താഴെകാണിച്ചിരിക്കുന്ന ശ്ലോകത്തിനു വിശദമായ ഒരു വിവരണം കൊടുക്കുവാൻ എത്ര വിഷമമുണ്ട്! നോക്കുക.

ആനന്ദദുഗ്ദ്ധഭിമാനിക്കും കൊങ്കകൾ_
ക്കാനനംമെല്ലെ കറുത്തിതപ്പോൾ
നന്ദനനുണ്ടായാലെങ്ങളെസ്നേഹമി_
ല്ലെന്നതു ചിന്തിച്ചിട്ടെന്നപോലെ.

ഈ ഭാഗത്തെ വിവരമായി ആശയം ഗ്രഹിപ്പിക്കുന്നതെങ്ങിനെയാണ്. ഗർഭിണിയായ ദേവകിയുടെ കൊങ്കകളുടെ മുഖം കറുത്തതു നന്ദനനുണ്ടായാൽ വസുദേവനു അവയെ സ്നേഹമില്ലാതായിപോകുമെന്നു ആലോചിട്ടായിരിക്കുമെന്നുള്ള ഭാഗത്തിൻെറ ആശയം മനസ്സിലാക്കികൊടുക്കുക വിഷമമാണ്. ഇത്തരം ആഭാസശൃംഗാരങ്ങളൊന്നും പാഠ്യപുസ്തകങ്ങളിൽ ഉൾപ്പെടുത്താൻ പാടില്ലാത്തതാണ്.

ലോകത്തിലുള്ള ദൂഷിച്ചവശങ്ങളെ ചൂണ്ടിക്കാണിച്ചാൽ അവ അരുതെന്നു തോന്നീട്ടു പുരോഗമനത്തിന്നു സഹായമാകുമെന്നാണല്ലൊ പുരോഗമനസാഹിത്യത്തിൻെറ സിദ്ധാന്തം. അതുപോലെ സാഹിത്യത്തിലെ ആഭാസശൃംഗാരപ്രയോഗങ്ങൾ ചൂണ്ടിക്കാട്ടിയാൽ അവയെ ഉപേക്ഷിക്കുവാനും തദ്വാരാ സാഹിത്യം ശുദ്ധീകരിക്കുവാനും ഇടവരുമെന്നു ആശിച്ചുകൊണ്ടാണു ഈ ലേഖനം എഴുതിയിട്ടുള്ളത്. ഉദ്ദേശം സഫലമായാൽ പ്രയത്നം അസ്ഥാനത്തല്ലെന്നു വിശ്വസിക്കാം.

# നേരുക!

സാഹിത്യശിരോമണി കെ. കെ. വെണ്ണേങ്ങോട്ട്.

(കേക)

വീരനാം ജവഹരിലാലിനെ പ്രസവിച്ച
ഭാരതമാതാവേതുനാടിനും മാതാവല്ലീ?
അമ്മഹാനറുപത്തുമഞ്ചുമായ്; എന്നാലെന്തു?
നിന്മകനമ്മേ യുവാവാണിന്നും ധിഷണയിൽ
പുല്ലിനുമല്ലെന്നപോലധർമ്മയോദ്ധാവുണ്ടോ
ചൊല്ലുക; ക്ലസീടുന്ന കാലമേ നിൻകയ്യേററം
ആവതുമഹിംസയിലമ്മഹാനെങ്ങും നിത്യ-
ഭാവുകമീ വിശ്വത്തിൽ വിതയ്ക്കാൻ വിളയിക്കാൻ
ശാന്തിയെയാരായുകയാണുപോൽ; ധീരാത്മാവ-
ഗ്ഗാന്ധിജിശിഷ്യൻതന്നെ ലോകമേ, നിന്നാരാധ്യൻ;
നേരിന്നു പോരാടുമ സുസ്ഥിരമനസ്സിന്റെ
ധീരതയത്രേ വാഴ്വതാവിരിമാറിന്നുള്ളിൽ ;
നിസ്തുലമാണാക്രാന്തദർശിതയോലും ബുദ്ധി;
നിർമ്മലമാണാവിശ്വസൌഹൃദമേറും സ്വാന്തം;
ഈയൃഷിനാടിനഭിമാനവു,മാനന്ദവു
മാശയു,മവേശവുമൊക്കെയുമദ്ദേഹം താൻ
നേരുക മുപ്പത്തഞ്ചുകോടികൾ നാമധർമ്മ-
ധീരനു കയ്യുംകൂപ്പിയായുരാരോഗ്യം മേന്മേൽ.

# "അനുശോചനം"

"കലാകേന്ദ്ര"ത്തിന്റെ ഉപദേശകസമിതിയിൽ ഒരംഗമായിരുന്നു വേണ്ടതായ നിർദ്ദേശങ്ങൾ യഥാകാലം നൽകി കലാകേന്ദ്രപ്രവർത്തനങ്ങളെ വിജയിപ്പിക്കുന്നതിൽ അതീവശ്രദ്ധാലുവായിരുന്ന ശ്രീ: വി കെ. ഗിരിജാവല്ലഭമേനോൻ (തിരുവനന്തപുരം ആയുർവ്വേദകോളേജ് പ്രിൻസിപ്പാൾ) ഈ ഫെബ്രുവരി 8-ാംനു രാത്രി ഹൃദയസ്തംഭനംമൂലം നിര്യാതനായ വിവരം വ്യസനസമേതം അറിയിച്ചുകൊള്ളുന്നു. ശ്രീകേരളവർമ്മമഹാരാജാവിന്റെ (കൊച്ചി) മകനും ശ്രീമതി കരിമ്പററ ലക്ഷ്മിക്കുട്ടി നെയ്ത്യാരമ്മയുടെ ദ്വിതീയപുത്രനുമായ ഇദ്ദേഹം സ്വപിതാവിന്റെ ആയുർവ്വേദത്തോടുള്ള മമതാബന്ധം തികച്ചും പരിരക്ഷിച്ചുപോന്നിട്ടുള്ള ഒരു മഹാശയനായിരുന്നു. ഇദ്ദേഹം ആയുർവ്വേദത്തിനു് ചെയ്തിട്ടുള്ള സേവനങ്ങൾ വിസ്മരിക്കാവതല്ല. ഇദ്ദേഹം കേരളീയർക്കു് സുവിദിതനാകയാൽ ഇദ്ദേഹത്തിന്റെ അപദാനങ്ങളെ പ്രത്യേകം എടുത്തുപറയേണ്ടതില്ലല്ലോ. ഏതായാലും ഇദ്ദേഹത്തിന്റെ അഭാവം ആയുർവ്വേദത്തിനും കേരളത്തിനും ഒരപരിഹാര്യമായ നഷ്ടമാണു്.

ശ്രീ: മേനോന്റെ അകാലനിര്യാണത്തിൽ ഇദ്ദേഹത്തിന്റെ കുടുംബാംഗങ്ങളോടൊപ്പം ഞങ്ങളും അനുശോചിക്കുകയും ഇദ്ദേഹത്തിന്റെ ആത്മശാന്തിക്കായി പ്രാർത്ഥിക്കുകയും ചെയ്തുകൊള്ളുന്നു.

# ധീരവ്രതം

കൃഷ്ണചന്ദ്രഭട്ടാരകപ്രണീതം

(കെ. പി. നാരായണ പിഷാരകേണ കേരളഭാഷാതോ വിവർത്തിതം)

പ്രഥമോങ്കഃ

പ്ര സ്താ വ നാ

(നാന്ദ്യന്തേ പ്രവിശതി സൂത്രധാരഃ)

സൂത്രധാര:_ (അഞ്ജലിം ബദ്ധ്വാ)

സത്യസ്വരൂപം സകലാത്മമൂല-
മുദ്ഗീഥ ഗീതാമൃതവർഷശീലം
നിഷ്കാമ കർമ്മോജ്ജ്വല മാത്തലീല-
മാസ്താം മഹന്മേ ച്ചേതസി സർവ്വകാലം.

നമഃപരിഷദേ. അദ്യഖലു ധീരവ്രതം നാമനാടകമത്ര പ്രയോക്തു മുദ്യതാ വയം. തത്രയദി സ്ഖലിതാനി സമാപതന്തി, സർവ്വം സദയം ക്ഷന്തുമർഹന്തി സഭാസദഃ.

(നേപഥ്യേ)

സഖേ ശീഘ്രമാഗമ്യതാം.

സൂത്രധാര:_ ആം. മഹാരാജശന്തനോഃ പ്രവേശഃ പ്രസ്തൂയതേ. നമഃ സദസേ. (നിഷ്ക്രാന്തഃ)

പ്രഥമോ രംഗഃ

(തതഃ പ്രവിശതി മൃഗയാവേഷേണ ബാണകോദണ്ഡധാരീ ത്വരിത വിക്രമഃ ശന്തനുഃ)

ശന്തനു:_ സഖേ ശീഘ്രമാഗമ്യതാം. ശീഘ്രമാഗമ്യതാം. ഇതഃ ഖലുപ്ളുതവാൻ സ്മൃഗഃ.

(പ്രവിശ്യ)

മാധവ:_ ആയുഷ്മൻ, കുത്രാപ്യുൽപ്ളുത്യ പലായിതഃ സശാർദ്ദൂലഃ അഹംതുധാവംധാവംശ്രാന്തോസ്മി. കഞ്ചിൽ ക്ഷണ മുപവിശാവഃ_ അത്ര ശീതോവായുരപ്യുപതിഷ്ഠതേ.

ശന്തനു:_ (പുരോവിലോക്യ) അയേ കഥമസ്മിൻ പ്രദേശേ പ്രാപ്താവയം.

മാധവ:_ യത്ര കുത്രാപി വാഭവതു കിഞ്ചിദ വിശ്രമ്യ മാനോഹരം സമ്പ്രതി ധാവിതും ശക്തഃ

ശന്തനു:_ (ദീർഘം നിശ്വസ്യ) അസ്തു. അത്രൈവോപവിശാവഃ

(ഉഭാവുപ വിശതഃ)

മാധവ:_ ആയുഷ്മൻ, അപിനാമായംപ്രദേശസ്തത്രഭവതാ മൃഗയാർത്ഥം പ്രാപ്തപൂർവ്വഃ പരിചിതഏവ ഖലുവിയം സ്ഥലീ നിർദ്ദിഷ്ടാ

ശന്തനു:_ കിം പരിചിതഏവേതി? സഖേ തദേവ ഗംഗാതീരമിദം.

മാധവ:_ ഉപപദ്യതേ. അത ഏവ ഈദൃശഃ ശീതോവാതി വായുഃ സുഭഗോയം പ്രദേശഃ (വിലോക്യ) കിമിദം, അന്യാദൃശമുഖവർണ്ണ ഇവ തത്രഭവാൻ?

ശന്തനു:_ (സമന്താദവലോക്യ മുഹുർന്നിശ്വസ്യ) കഥം സുഭഗഇതി സഖേ, ഗംഗാതീരവർത്തീ സപ്രദേശോയം അത്ര ഖലു സമാരംഭോ വിനഷ്ടസ്യാസ്മൽ ഭാഗധേയസ്യ കതിപയരാത്രമുപളക്തം വിധിനാ ഹാദാകൃഷ്ടം തജ്ജന്മാന്തരസുകൃതഫലമസ്മിൻ പ്രദേശേ പ്രക്രാന്തം. (ദീർഘം നിശ്വസതി)

മാധവ:_ മഹാരാജാ! കിമിദം? ത്വടിത്യന്യാദൃശ ഇവാസിസംവൃത്തഃ ഏതാവൽ പര്യന്തം കീദൃശ ആസീദുത്സാഹഃ, കീദൃശോദ്യദഭിനിവേശഃ തൽ സർവ്വം ക്ഷണേന കുത്രഗതാ. ദീർഘം നിശ്വസതേ കഥ്യതേയൽകിമപി. നജാനേ കിമിദമിതി.

ശന്തനു:_ സഖേ! തസ്യഖലു വൃക്ഷസ്യച്ഛായായാം പ്രഥമംമയാ ശിശിരീകൃതലോചനം ദൃഷ്ടാ സാ

മമപ്രിയതമാദിവ്യസുന്ദരി. പഞ്ചദശാബ്ദാ വ്യതീതാസ്തസ്യാദേവ്യാഅ സ്മ ദ്ദ ർ ന പ ഥാദ ന്തഹിതായാ:— തഥാപി അത്രാഗതസ്യമേ മനസി സ്ഫുടം പ്രകാശന്ത. താനി താനി വൃത്താന്താന്തരാണി സമ്പ്രതിപ്രവൃത്താനീവ ഹന്ത! ബലവദേപതേമേ ഹൃദയം (മുഹൂർന്നിശ്വസതി)

മാധവ:— (സ്വഗതം) മഹാൻ ഖലുഭയമനർത്ഥ ഭൂപതിത: യുദ്ധഭയാൽ പാതാളം പ്രാപ്തേ തത്ര ച ദീപിതദീപ യുദ്ധം. (പ്രകാശം) മഹാരാജ! തത്രഭവതാ രാജധാനിമധിവസതാ "അത്രദേവീയം മകരോൽ തത്ര ദേവീ തഥാകരോൽ" ഇത്യാദി കഥയതാ ദേവീമന്ത്രമേവച സർവ്വദാജപതാ ദേവീമേവ ചധ്യായതാ ക്ലേശേനൈവ കാലോ നീയതേ. സ ക്ലേശ: കിഞ്ചിദല്പീഭവേദിതി വിചിന്ത്യ ഹി മൃഗയാർത്ഥം വനമുപാഗതം. അത്രാപി കിംതദേവ?

ശന്തനു:—

കിം ക്രിയതേ? പുനരപിമാം വിവശീകരോതി പ്രദേശോയം:

മാധവ:— ആയുഷ്മൻ! അനേകശോനനു മയാ നിവേദിതസ്തത്രഭവാൻ— അപരാ കാചന വരവർണ്ണിനീ പരിണീയതാം. തദാപഗച്ഛേദിയ മൽക്കണ്ഠേതി. സാദേവീ കിയച്ചിരമുപാസ്യമാനാപി ന പ്രത്യക്ഷീഭവേദിത്യവഗമ്യാപി നാത്രകർണ്ണംദദാസി!

ശന്തനു:—സഖേ! ദിവ്യനിതംബിന്യാസ്തസ്യാ:പ്രിയതമായാ: സംഭാവനേന ധന്യോയം കര: കഥാനാമാന്യസ്യാ: പാണിഗ്രഹണം സഹേത?

മാധവ — തേനഹി ഗച്ഛാമസ്താവദസ്മാൽ പ്രദേശാൽ, വനേസ്മിന്നേകാഗ്രേണമനസാ ദേവീമേവ നിരന്തര മനുധ്യായൻ ശാന്ത്യുപായോ ന്യൂനവാ ഖാദിതമേവാസപ്തമുദ്ധാനം ജ്ഞാസ്യസി

ശന്തനു:— ക്ഷമ്യതാം സഖേ! പ്രിയതമാദർശനധന്യേ പ്രദേശസ്മിൻ ക്ഷണമപിതാവദുപവിശാമി.

മാധവ:— ഉല്ലോകയ്വിതദന്യാസാൽ ദദേശാമധ്യ

രോജനി (ഇതിഗായതി)

തത: പ്രവിശതി സശരചാപഹസ്തോഭീഷ്മ:

ഭീഷ്മ:— ദിവ്യാസ്ത്രപ്രയോഗേണ നിയമിതോയം നദീവേഗ: ഇദാനീമുജ്ജൃംഭമാണം ജലം വിലോകയൻ ഗോത്രേസ്മിംസ്തിഷ്ഠാമി.

ശന്തനു:— (ഭീഷ്മം വിലോക്യ) കോനാമഭവേദയം വീരകുമാരോദീപ്ത്യാകാന്ത്യാ ചാപരിസ്ഫുരൻ അമുംബാലം വിലോക്യ പര്യുത്സുകമിവമേ ഹൃദയം.

ഭീഷ്മ:— (ശന്തനും മാധവം ചവിലോക്യ) ഭോ ഇതസ്താവദാഗമ്യതാം യദിനദീവൃദ്ധിദർശനേ കൗതൂഹലം

മാധവ:— (സാശ്ചര്യം ജനാന്തികം) ആയുഷ്മൻ! കൗമാരകേ വർത്തമാനസ്യ ഭവത: പ്രതിച്ഛായമിവ കുമാരമേനം പശ്യാമി. ധ്വനേ: പ്രകാരോപിസ ഏവ കഥമിദം?

ശന്തനു:— (നിർവ്വർണ്ണ്യ)ദേവ്യാ: സാദൃശ്യമപി ദൃശ്യതേ. (ദീർഘം നിശ്വസ്യ) ഹാ പ്രിയേ! ദേവി! തത: പ്രവിശതി ഗംഗാദിവ്യനേപഥ്യേനശന്തനുമാധവൌ ദിവ്യനേപഥ്യദർശനാൽ ഝടിത്യുത്ഥായ സവിസ്മയം വിലോകയന്തൌ തിഷ്ഠത:)

ഗംഗാ— വത്സ! പ്രതിസംഹര ദിവ്യാസ്ത്രം. ജലമതിമാത്രമുജ്ജൃംഭിതം സൽ ബഹുതരമനർത്ഥമുൽപാദയേൽ.

ഭീഷ്മ:— (ധ്യാനമഭിനീയ) അംബ! പ്രതിസംഹൃതമസ്ത്രം. (നേപഥ്യേ ജല പ്രവാഹകോലാഹല:) അഹോ അതിമാത്രഗംഭീര: ഖലു പ്രവാഹനിർഘോഷ:

ഗംഗാ— (ഭീഷ്മം ഹസ്തേഗൃഹീത്വാശന്തനും പ്രതി) മഹാരാജ! കിമയംനപ്രത്യഭിജ്ഞായതേതത്രഭവതാ? സാഭാഗീരഥീ നനാഹംയാ ശ്രുതപൂർവ്വാഭവത: പതിഅസാവപികുമാര. ആവയോ: പുത്ര: (ഭീഷ്മം പ്രതി) വത്സ! ദേവവ്രത! വന്ദസ്വപിതരം. (ഭീഷ്മ: ശന്തനും പ്രണമതി). ശന്തനു: പുത്രംപരിഷ്വജ്യ ബാഷ്പം നിസ്സൃജതി)

# കററവാളി

ശങ്കരൻ കളരിക്കൽ ബി. എ.

(സ്വന്തം മകനായ ഔറംഗസീബിനാൽ ആഗ്രാ പട്ടണത്തിൽ അന്തഃപുരത്തിലെ കാരാഗൃഹത്തിൽ പാർപ്പിക്കപ്പെട്ടിട്ടുള്ള ഷാജഹാൻ ചക്രവർത്തി നിറഞ്ഞ നിലാവുള്ള ഒരു രാത്രിയിൽ വിശ്വമോഹനമായ താജ്മഹാൾ കാണുന്നു.)

വെൺമുകിൽ മാലയാം വെള്ളിക്കസവുള്ള
വെണ്മയെഴും പട്ടുതൂമാൽ വിരിച്ചതിൽ
താരകളാകും കവിടിനിരത്തിയി–
പ്പാരിന്റെ ജാതകം നോക്കുവാനെന്നപോൽ
പുഞ്ചിരിതൂകി നിശാധിപൻ; പാലൊളി
പൂശുകയായ് "ആഗ്ര" നിശ്ചലം, മോഹനം!
അന്തഃപ്പുരത്തിലെക്കാരാഗൃഹത്തില–
ങ്ങമ്പേവിവശനായ് കേഴുന്ന ഷാജഹാൻ
ജാലരന്ധ്രംവഴിക്കാവിശ്വവശ്യത–
യോലുന്ന "താജി"നെ ക്കാണുന്നു കാൽക്ഷണം!

വിണ്ണിൻ വെളിച്ചത്തിൽ മുങ്ങിനിന്നീടുമാ
വെൺകൽ പ്രതീകം ചിരിച്ചതായ് തോന്നവേ.
പ്രാണപ്രിയയുടെ പ്രാണനാ മാർബിളിൽ
പ്രേമപ്രദീപമായ് നില്പതായ് തോന്നവേ
ആയിരം സ്വപ്നങ്ങളാ ജയിൽ പുള്ളിയിൽ
പാവുറ്റ്മൂകന്ന വേദന ചേർക്കവെ.
പൂളുന്നു ചുററിലും പോയകാലത്തിന്റെ
താളുകൾ തമ്മിലുരസുന്ന മർമ്മരം!

മാടിവിളിക്കയാണാവിശ്വമോഹിനി
"ഓടിവന്നെന്നെയൊന്നാഞ്ഞുപുൽകീടുമോ!"
നീറുകയാണയാളുൾക്കടചിന്തകൾ
കേറിമറിഞ്ഞ മസ്തിഷ്കം മുറിയവേ!
ജാലകക്കീറിലൂടെ മന്ദം വായുവി–
ലാലോലമാടുന്ന താടിരോമങ്ങളിൽ
വീഴുന്ന കണ്ണുനീരൊപ്പാതെ ഷാജഹാ–
നാവെൺകതിരൊളി പാർത്തുവിതുമ്പിനാൻ:–
"അങ്കുശമില്ലാതധികാരമോഹിയായ്
ചങ്കുറപ്പോടെ നടന്നൊരാ നാളുകളിൽ
ആദരവൊട്ടും പ്രജകളോടില്ലാതെ
സോദരരക്തക്കറപുരണ്ട കൈകളിൽ
ചെങ്കോട്ടയിൽച്ചെന്നു ചെങ്കോൽ പിടിക്കയാൽ
പങ്കിലമായി മൽജീവിതമോമലേ!
മോഹിനി! മഞ്ജു "മയൂരാസന"ത്തിൽ ഞാൻ
മോഹങ്ങളിൽ മുങ്ങി വാണതുകാരണം.
കാലംമമകററവൃത്തരേഖിച്ചു മെ–
ങ്കോലും വശത്താക്കി, ഞാൻ തടവിങ്കലായ്
പശ്ചാത്തപിച്ചാത്മശുദ്ധിയൊന്നാൻ നേടുവാൻ;
നിശ്ചയിച്ചു കരൾ നീറിമരിക്കുവാൻ.
ഇല്ലവരില്ല ഞാനന്തികേ നീ സ്വർഗ്ഗ–
മല്ലികയാണു; വെറും കററവാളി ഞാൻ!!
പൊട്ടിച്ചിരിച്ചു നയ്ക്കുന്ന, ഉറങ്ങുന്ന
പട്ടണപ്രാന്തങ്ങൾ ഞെട്ടിത്തരിച്ചുപോയ്

---

ഗംഗാ– അധീതസകലവിദ്യോയം ഭവൽ പുത്രഃ അഥേമം പ്രതിഗൃഹ്യ രാജ്യഭരണവിഷയേ സ്വസ്യ സാഹായ്യകരണായ നിയുജ്യതാം. ദേശമിമമനുപ്രാപ്തം ഭവന്തം വിജ്ഞായ പുത്രസ്യ പ്രദർശനായ ആഗതാസ്മി. വത്സ ദേവവ്രത! മാതരം പരിഷ്വജസ്വ. (ഭീഷ്മോ മാതരമഭിവാദയതേ)

ഗംഗാ– (പുത്രമാലിംഗ്യ) വത്സ! ലോകൈക വീരോ ഭവ. ധർമ്മനിരതോ ഭവ. പിതൃപ്രിയോ ഭവ. അനന്യ സാധാരണീം കീർത്തിമാപ്നുഹി (ശിരസി ഹസ്തൌ നിധായാനുഗൃഹ്ണാതി)

ശന്ത– (ദീർഘം നിശ്വസ്യ) ദേവി!

ഗംഗാ– മഹാരാജ! മാവിഷീദതു ഭവാൻ. വീരപുത്രലാഭേന സമാശ്വസതു (നിഷ്ക്രാന്താ)

(ശന്തനുഃ പക്ഷ്മൂഃ പ്രമാർജ്ജതി)

മാധവഃ– അന്യേദ്യുഹി മൃഗയാ സുതരാം ശ്രദ്ധാവസാനാ സംവൃത്താ രാജധാനീം പ്രാപ്യൈഃ ശ്വഃ ഭ്രാതൃവ്യാംവിഹ്വാലഃ പുത്രാ യൌവരാജ്യാഭിഷേകാർഹഃ തദനന്തരമേവാസ്തു ഭൂയോപി മൃഗയാർത്ഥം യത്രക്വാപി ഗമനം. കളത്രപുത്രാദ്യുപാർജ്ജനപരിശ്രമഃ

സർവ്വേ നിഷ്ക്രാന്താഃ

# Mesmerism and Hindu Spiritualism.

Dr K. K. RAMDAS, Ph. D Sc.

AYURVEDA SASTRY.

The evolving phenomena of Indian Saints have created wonders in the world, where ignorantly or maliciously said as magic or mesmerism by the foreign educationalists and rationalists of India. The accidental education and its civilisation imported here have caused a great suppression to the most precious aud ancient culture of Indians. But, the foreigners have translated our occult sciences in their languages and have established several research institutions in their countries. There are many spiritual institutions in America and England. In London alone there were 148 such institutions in the year 1928.

'The physical research was very highly developed in India and Tibet when most of the western Europe was a junfle filled with skin clad savages" says Dr. Evans Wintz. M. A. a distinquished anthropologist and research scholar (of Jeaus Colleg, Oxford) who was engaged during 1919-20 in research into Tibetan Literature with the assistance of Tibetan in the University of Calcutta. When Europeans (except a few who were the descendants of the scholars from ancient Universities of India) were not aware of what is spritualism. Mr. Frederic Authony Mesmer, a physician, and philosopher of Vienna (1734-1185) became a researcher in spiritualism He was then considered there a charlatan though he was a great spritualist and diviner of that continent who exhibited sevaral performances to the astonishment of the public. He was an obloquy to the religious heads, misunderstanding his divine powers to be some diabolical attributions. Really he was an audacious master of the west in occultism

He was in exaltation in the knowedge of clairvoyance, clairaudience, telepathy, hypnotism, levitation and burrial alive. All wild animals were under his orders, obeyed as pet dogs. All creapers and plants were turning and bending according to his command The fruits have fallen down from the trees at a glance by him. His marvellous powers in the method of drugless treatment have cured thousands from chronic cases, both physical and spiritual, considred incurable. This, he was not doing for a show as ordinary magicians who by some illusive performances extract money of spectatorrs, but sincerely done to make some enlightment among the blunt materialists of the west. He lived in England for some time and lastly retired to Germany where he died in obscurity.

The above mentioned phenomena were only a simple frolic of our Sidhas and Yogis of yore These phenomena will be occured within six months by strong concentration, in a fixed time daily, in the root of the nose between the eyes along with correct Pranayama (breathing excercise)in accordance with the curricula in Hatayoga through the directions of a Guru. The external concentration on a candle light or in the eyes ofown the reflection in a big mirror will also be sufficient to acquire the required results In the origin of the idol worship this importance is also dormant. A beautiful image of a deity is excellent for the pratice of concentration Hindiuism has taught the secrecy of concentration to the world to raise up the weak minded persons in divinty through idol worship and by concentration in self for union with the infinite soul.

The course of studies in eccultism by the name of Dr. F. A Mesmer ts known to the world as "Mesmerism." This became very curious to the westerner and hemc the research scholars took pain to get a world wide reputation of this extra ordinary science for the benifits of others who are interested in the same.

The complete method of studies (Phenomena) of any sort is explained in our Sastras, and Puranas and several other scriptures now available in Sanskrit, Pali, Tamil and many other indian languagers, since thousands of years prior to the brith of Dr. Mesmere.

# SMILES AND TEARS.

JAYASENAN AYINIKKAT· (MALABAR)

The shroud of gruesome dark ness veiled the corpse of the day.........

The dazzling dense silver clouds were dancing in the gorgeous, pearl-like, serene autumn sky In the soul of its glittering heart, beloved golden tiny twinkling stars smild clamly Swinging in the golden swings of that fluttering flowered Cassia, some night birds wept pathetically with a pricking agony. The flowerful tree shone like the moonlight of spring.

Midnight!

The cenotaph of night was ghastly and horrible.

Then that poor mad man was sitting perplexed on the furlong stone as a ghost. The stone was in a baredead st reet of that town. That puller of rickshaw was sitting there for three or four hours continuously. By the side of his, lay a corpse covered with a miry mat. A kind of black cemeterical silence prevailed around him.

The whistle of four 0' clock!

In the heart of his hearts, the old reminiscences mixed with tears and smiles and blood drops, began to overflow..................

To-day, he is the personification of pangs............symbol of despair and anguinsh. He coveted to dismount his burden of grief and to tell his miserable, loathsome, blood-stniade story to anyone He had no friends in his life to hear it Now to whom he would tell it? Is any lively human being brave enouh to hear that story? No........no.........no.........who should hear a story of tears? No one should. Who should appreciate a story of blood? No one.............smiles and tears!

Oh! those milky stars were laughing scornfully at him.

Why? Let that inanimate furlong stone, if it likes, hear the story which his heart tells automatically and mechanically Or, let that rickshaw whose one leg is now already lost, his beloved comrade, hear it........ If they hear this story, they should not die heart-broken with grief as they are lifeless things Certain!

The memories were thus flowing in his heart The stars were blinking mirthfully Yes, let them close their yellow eyes as if they were not hearing that story. If they hear this story, they will also burst into tears. If so, they must not hear this tragic story

***** ***** *****

It was before many years He remembers it well. He was born in an indigent family of a labourer before long seventy years. He had to face at bitter circumstances of life from every early childhood. Thus he became a puller of rickshaw of that rustic part.

His job was to take the darling of the landlord of that locality.to the college Then he was healthy It was the spring of his life when cheerful youth and gaiety overflowed the cup of his life! Bygone halcyon days ................... They will not return hereafter. Alas! They went , forever.

Oh........again those old rotten re-collections.... ...................................

He married a neigobouring girl Though she was not an apparition of beauty, a charmingness flowered in her.......Gorgeousness danced in the angles of her pitiable blue eyes, black lips and high breast............yes pearly hilarious dreams danced there. And then honeymoon! He keeps those rapturous remembrances even today, in the chest of his heart covered with the silk of heavenly bliss He went that day for cinema first and last in his whole,life according to the carving of his beloved She sang gaily when they were in the pleasure boat in dim moonlight when it was going through the breast of the back waters ............Putting his head in her lap, he slept unconsciously with rapture. Ah! that lovely night ....................

He seemed the coconut trees of the bank singing some love songs ....... The stars smiled then as they smile now. The unobvious fascinating dawn came with red lamps .......................

***** ***** *****

He became very weak because of his unbearable labour. He seemed his life as if was ruined He wished to kiss the face of a child for a hundred times. But.............but...............but.............

It was a ferocious 'but'...........

Time passed on He became an incarnation of disappointment He again began to dream of a child In the moonlight of hif life, black shad-ows began to crowd

Darkness every where! when it will be ended? Oh, light, light, come on

The blackest terrible stygian midnight of his pathetic life finished though for a small time, with a golden dawn Then also those favour-ite stars smiled

The fresh red roseflowers of a good morn blood in the mid-night of the desert of his life Crores of rain-bows and roseflowers danced in the soul of his souls................

A child was born to that puller of rickshaw in his age of sixty when his one leg was in the grave: A golden baby! He was pleased His heart's smile Has blood contained in the lip of the rose flower of that smile? Who knows it? Would that affectionate flower which was blossomed in the eglantine of their marriage life when it leaned to the hell of destruction, keep its life without any withering hereafter? He hoped ...............

The child became the life of lives of his old father and mother. The baby became the whole life of that old man! He was lovely as a rainbow ...........He was soft as an evening cyno-sure........He was nice and smooth as a marble .......!

(continue)